കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## ജില്ലാ ഓഡിറ്റ് കാര്യാലയം

## പാലക്കാട്

e-mail:dopkd.ksad@kerala.gov.in

www.lfa.kerala.gov.in

# മുതല ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ. പി.കെ.ഡി 13-109/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട് ജില്ല

തീയതി –27.02.2021

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മുതുതല ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മുതുതല ഗ്രാമപഞ്ചായത്ത് - 2018 - 19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുതുതല ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്ത് ഭരണസമിതി പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഭരണസമിതി എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന വകുപ്പ്, തിരുവനന്തപുരം(ഇമെയിൽ മുഖേന)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ. പി.കെ.ഡി 13-109/2021 തിയതി: – 27.02.2021

## പാലക്കാട് ജില്ലയിലെ മുതുതല ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ മുതുതല ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 28-05-2019 മുതൽ 10-11-2020 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | എൻ.സതീശൻ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.11.2020മുതൽ 19.11.2020വരെ |

<table>
<tr><td rowspan="5">ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ</td><td>ശ്രീ. റോബർട്ട്.കെ.ജി</td><td>അസി.ഓഡിറ്റ് ഓഫീസർ</td></tr>
<tr><td>ശ്രീ.ഹരിഗോബിന്ദ്.കെ.സി</td><td>അസി.ഓഡിറ്റ് ഓഫീസർ</td></tr>
<tr><td>ശ്രീമതി. എ. സുജാത</td><td>അസി.ഓഡിറ്റ് ഓഫീസർ</td></tr>
<tr><td>ശ്രീമതി.നസീറാബാനു</td><td>സീനിയർഗ്രേഡ് ഓഡിറ്റർ</td></tr>
<tr><td>ശ്രീമതി. ലിക്സി അലക്സ്</td><td>ഓഡിറ്റർ</td></tr>
</table>

നിർവ്വഹണാധികാരികൾ

പ്രസിഡന്റ്

| പേര് | കാലയളവ് |
|---|---|
| ശ്രീ. സി.എം നീലകണ്ഠൻ ഭട്ടതിരിപ്പാട് | 01-04-18 മുതൽ 31-03-19വരെ |

സെക്രട്ടറി

| ക്രമ നം | പേര് | കാലയളവ് |
|---|---|---|
| 1 | ശ്രീ.അബൂബക്കർ കെ.എ | 01-04-18 മുതൽ 2-04-18 വരെ |
| 2 | ശ്രീ.സി.പി.സുരേഷ്കുമാർ | 03-04-18 മുതൽ 8-08-18 വരെ |
| 3 | ശ്രീമതി. സുപ്രഭ | 09-08-18 മുതൽ 31-03-19 വരെ |

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| അസി.സെക്രട്ടറി | ശ്രീ.സി.പി.സുരേഷ്കുമാർ | 01-04-18മുതൽ 31-03-19 വരെ |
| അസി.എഞ്ചിനീയർ | ശ്രീ സുനിൽകുമാർ | 01-04-18മുതൽ 31-03-19 വരെ |
| കൃഷി ഓഫീസർ | ശ്രീമതി രശ്മി എം.ബി | 01-04-18മുതൽ 31-03-19 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.എസ്.ശങ്കരനാരായണൻ | 01-04-18മുതൽ 31-03-19 വരെ |
| വി.ഇ.ഒ | ശ്രീ ഹ്യജിൽ പി.വി | 01-04-18മുതൽ 31-03-19 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി രാധ. കെ | 01-04-18മുതൽ 31-03-19 വരെ |
| മെഡിക്കൽ ഓഫീസർ-PHC | ഡോ. രഞ്ജിത്ത് | 01-04-18മുതൽ 31-03-19 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ. പ്രീത. എം | 01-04-18മുതൽ 31-03-19 വരെ |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | ഡോ. ധന്യ | 01-04-18മുതൽ 31-03-19 വരെ |
| എച്ച്.എം, GLPS പെരുമുടിയൂർ | ശ്രീ മുഹമ്മദ് അലി | 01-04-18മുതൽ 31-03-19 വരെ |

| | | |
|---|---|---|
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി ജാസ്മിൻ | 01-04-18മുതൽ 31-03-19 വരെ |

ഉള്ളടക്കം

ഭാഗം 1

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (1), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13 എന്നിവ പ്രകാരമുള്ള ഓഡിറ്റ് പരാമർശങ്ങൾ.


| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | ബഡ്ജറ്റ് നടപടിക്രമങ്ങൾ പൂർണ്ണമായി പാലിച്ചിട്ടില്ല. | 1-11 |
| 12 | ഫ്രണ്ട് ഓഫീസ് സംവിധാനം. | 1-12 |
| 13 | തൊഴിൽനികുതി രേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ | 1-13 |
| 14 | പഞ്ചായത്ത് പരിധിയിലെ മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ് | 1-14 |
| 15 | ലൈസൻസ് അപേക്ഷകൾ പരിശോധിക്കുമ്പോൾ ശ്രദ്ധയിൽപ്പെട്ട അപാകതകൾ | 1-15 |
| 16 | തനത് ഫണ്ടിലെ ഇടപാടുകൾക്കായി ഒറ്റ ബാങ്ക് അക്കൗണ്ട് മാത്രം നിലനിർത്തേണ്ടതാണ്. | 1-16 |
| 17 | ദിവസ/വേതന കരാർ നിയമനം - പ്രധാന വ്യവസ്ഥകൾ പാലിച്ച് കാണുന്നില്ല. | 1-17 |
| 18 | സംയുക്ത പ്രൊജക്റ്റുകൾക്കായി ആരംഭിച്ച ബാങ്ക് അക്കൗണ്ടലെ വിനിയോഗിക്കാത്ത നീക്കിയിരുപ്പ് തിരികെ അടവാക്കേണ്ടതാണ്. | 1-18 |
| 19 | സാമൂഹ്യ സുരക്ഷാ പദ്ധതികൾ | 1-19 |

| | | |
|---|---|---|
| 20 | ഓണം അഡ്വാൻസ് തിരികെ ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-20 |
| 21 | തെരുവ് വിളക്കുകളുടെ പരപാലനം. | 1-21 |
| 22 | കുടിവെള്ള പദ്ധതികളുടെ പരിപാലനം. | 1-22 |
| 23 | കുടുംബശ്രീയുടെ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്ന പദ്ധതി തുകകൾ തിരിച്ചടക്കണം | 1-23 |
| 24 | സൌജന്യ പി.എസ്.സി. കോച്ചിംഗ്-അപാകങ്ങൾ | 1-24 |
| 25 | ഹരിതകർമ്മസേനക്ക് ഗ്യാപ്പ് ഫണ്ട് നൽകൽ-ഖരമാലിന്യസംസ്കരണം കാര്യക്ഷമമാക്കേണ്ടതാണ് | 1-25 |
| 26 | കമ്പ്യൂട്ടർ വാങ്ങൽ- പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല | 1-26 |
| 27 | ഗവ.എൽ. പി. സ്കൂളുകൾക്ക് ഫർണീച്ചർ - വിവിധ സ്കൂളുകൾക്ക് വിതരണം ചെയ്ത രേഖകൾ ലഭ്യമല്ല | 1-27 |
| 28 | എസ്.സി.വിദ്യാർത്ഥികൾക്ക് പഠനോപകരണം - | 1-28 |
| 29 | പച്ചക്കറികൃഷിക്ക് കൂലിച്ചെലവ് നൽകൽ - രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു. | 1-29 |
| 30 | ജൈവവളവിതരണപദ്ധതികൾ- വളം വാങ്ങിയിട്ടുണ്ടെന്ന് ഉറപ്പുവരുത്താതെ തുക അനുവദിച്ചു | 1-30 |
| 31 | നെൽകൃഷിവികസന പദ്ധതി-രേഖകൾ ഹാജരാക്കിയില്ല. തുക തടസ്സപ്പെടുത്തുന്നു | 1-31 |
| 32 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - പ്രവൃത്തികൾ പൂർത്തീകരണം അവലോകനം | 1-32 |
| 33 | ചെറുകിട കുടിവെള്ള പദ്ധതികളിൽ നിന്നുള്ള പൈപ്പ് ലൈൻ നീട്ടൽ യീൽഡ് ടെസ്റ്റ് നിർബ്ബന്ധമാക്കണം. | 1-33 |

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (1), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13 എന്നിവ വരവിനങ്ങളിലെ വ്യക്തമായ നഷ്ടം സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ.

ഒന്നുമില്ല.

## ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (2), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ വ്യക്തമായ നഷ്ടം സംബന്ധിച്ച ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

ഒന്നുമില്ല.

## ഭാഗം-IVഓഡിറ്റ് പ്രത്യവലോകനം

| | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

1-1 ബജറ്റ്

27/03/2018 തീയതിയിലെ 1-തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് തയ്യാറാക്കി അംഗീകാരം ലഭ്യമാക്കിയിട്ടില്ല.

1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2019 | 06/05/2019 | -- | -- |

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 12275745 |
| വരവ് | 71426532 |
| ആകെ | 83702277 |
| ചെലവ് | 65366340 |
| നീക്കിയിരിപ്പ് | 18335937 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം (ACR പ്രകാരം) | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | - | 11822661 | 11822661 | 8977520 | 2845141 |
| വികസന ഫണ്ട്-എസ്.സി.പി | | - | 16870914 | 16870914 | 12964909 | 3906005 |
| വികസന ഫണ്ട്-ടി.എസ്.പി | | -- | -- | -- | -- | -- |
| മെയിന്റനൻസ്, റോഡ് | | 3850000 | 8535000 | 12385000 | 8535000 | 3850000 |
| മെയിന്റനൻസ്, നോൺ-റോഡ് | | 689774 | 2780000 | 3469774 | 2780000 | 689774 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 3637845 | 5052000 | 8689845 | 5052000 | 3637845 |
| കെ.എൽ.എസ്. ജി.ഡി.പി | | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസനിധി | | 45524 | 2110 | 47634 | -- | 47634 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 20564036 | 20564036 | 20564036 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 6001 | 112381 | 1118382 | 1110148 | 8234 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഐ സി ഡി എസ്) | | 0 | 1197444 | 1197444 | 306644 | 890800 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ടി എസ് സി) | | 0 | 2138391 | 2138391 | 150000 | 1988391 |
| സാക്ഷരത | | 110414 | 3916 | 114330 | 0 | 114330 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (കേരളോൽസവം) | | 0 | 20000 | 20000 | 0 | 20000 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ടി എസ് സി) | | 0 | 150000 | 150000 | 0 | 150000 |

| | | | | | | |
|---|---|---|---|---|---|---|
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 626360 | 626360 | 615000 | 11360 |
| | ജില്ലാ പഞ്ചായത്ത് | 29670 | 4190723 | 4220393 | 2917600 | 1302783 |
| ബി ഫണ്ട് | | 0 | 239520 | 239520 | 239520 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 9031149 | 9031149 | 8000000 | 1031149 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 5699165 | 5927884 | 11627049 | 4403438 | 7223611 |
| | ട്രഷറി അക്കൗണ്ട് | 3608402 | 9031149 | 12639551 | 8916781 | 3722770 |
| മറ്റിനം | | | | | | |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകരിച്ചവ | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികം | നടപ്പാക്കാത്തവ | ശതമാനം |
|---|---|---|---|---|---|---|
| 329 | 57926360 | 218 | 50519500 | 0 | 111 | 87 |

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 6001 | 1112381 | 118382 | 1110148 | 8234 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 20564036 | 20564036 | 20564036 | 0 |

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 119520 | 64 |
| കർഷകതൊഴിലാളി പെൻഷൻ | 3520100 | 275 |
| വിധവാപെൻഷൻ | 13543900 | 1106 |
| വാർദ്ധക്യകാലപെൻഷൻ | 20115600 | 1645 |
| വികലാംഗപെൻഷൻ | 2538100 | 306 |

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11-11-2020. ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 28223/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

1)പൗരാവകാശ രേഖ കാലികമാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

2)ആസ്തി രജിസ്റ്ററിൽ നിലവലുള്ള എല്ലാ ആസ്തികളും യഥാർത്ഥ മൂല്യത്തോടൊപ്പം രേഖപ്പെടുത്തി കാലികമാക്കി സൂക്ഷിക്കുന്നില്ല. പ്രസ്തുത രജിസ്റ്റർ കാലികമാക്കി പ്രിന്റ് എടുത്ത് സൂക്ഷിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ചട്ടം നിഷ്കർഷിക്കുന്ന രീതിയിൽ ഡിപ്രിയേഷൻ അനുവദിക്കുന്നുണ്ട്.

3)സ്റ്റോക്ക് രജിസ്റ്ററുകളിൽ സാധനങ്ങളുടെ യഥാർത്ഥ മൂല്യം രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. എന്നാൽ ഭൂരിഭാഗം രജിസ്റ്ററുകളിലും ബന്ധപ്പെട്ട ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കുന്നില്ല..സാക്ഷ്യപ്പെടുത്തുലുകൾ സഹിതം സൂക്ഷിക്കേണ്ടതാണ്.

4)പ്രൊജക്റ്റുകളിൽ അവശ്യം വേണ്ട സാക്ഷ്യ പത്രങ്ങൾ ഉൾപ്പെടുത്തി സൂക്ഷിച്ച് വരുന്നുണ്ട്.

5)പ്രൊജകറ്റുകൾ പ്രകാരം തെരഞ്ഞെടുത്ത ഗുണഭോക്താക്കളുമായി ചമയ്ക്കപ്പെട്ട കരാറുകൾ/മുദ്ര പത്രങ്ങൾ എന്നിവയിൽ പൂർണ്ണമായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കുന്നില്ല. അപൂർണ്ണമായ കരാറുകൾ കാരണം നിയമം അനുശാസിക്കുന്ന രീതിയിൽ സമയബന്ധിതമായി തുടർ നടപടികൾ സ്വീകരിക്കുവാൻ സാധ്യമാവത്ത സാഹചര്യം സൃഷ്ടിക്കും. ഭാവിയിൽ കരാറുകൾ പൂർണ്ണമായി സൂക്ഷിക്കേണ്ടതാണ്.

6)ഭരണ സമിതിയുടെ മിനിട്സ് കമ്പ്യൂട്ടറിലാണ് നിലവിൽ സൂക്ഷിച്ച് വരുന്നത്. ആയത് പ്രിന്റ് എടുത്ത് സൂക്ഷിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

7)നോട്ടീസ് ബോർഡിലൂടേയും മറ്റ് മാധ്യമങ്ങളിലൂടേയും നിശ്ചിത തീയതിയിൽ ഗ്രാമസഭകൾ കൂടുന്ന വിവരം ജനങ്ങളെ അറിയിക്കുന്നുണ്ട്.

8)ദൈനദിന വരവ് ചിലവ് കണക്കുകൾ സാംഖ്യ ഓൺലൈനിലൂടെ രേഖപ്പെടുത്തി വരുന്നത് ഉത്തരവാദപ്പെട്ട മേൽ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തി സൂക്ഷിക്കുന്നുണ്ട്.

9)വിവിധ മേഖലകളുടെ സുഗമമായ നടത്തിപ്പിന് ആവശ്യമായ നിർദ്ദേശങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥരിലൂടെ അവതരിപ്പിച്ചത് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനിട്സിൽ രേഖപ്പെടുത്തി വരുന്നുണ്ട്.

10)S.C.P മേഖലയിൽ പദ്ധതി നിർവ്വഹണങ്ങൾക്ക് മുമ്പ് അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള നിരീക്ഷണ കമ്മിറ്റികൾ രൂപികരിച്ചിട്ടില്ല. ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുവാൻ മേൽ സൂചിത നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കി വിവരം ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 7-10-20 to 8-10-20 | 9/2020 | ലഭ്യമായിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22-6-2006 to 6-5-2006 | 2005-06 | 7-6-2006 |

1-11 ബഡ്ജറ്റ് നടപടിക്രമങ്ങൾ പൂർണ്ണമായി പാലിച്ചിട്ടില്ല.

1994 കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 214 -ാം വകുപ്പ് പ്രകാരവും സർക്കാർ കാലാകാളങ്ങളിലായി പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും, ചട്ടങ്ങൾക്കും വിധേയമായി 175 -ാം വകുപ്പ് പ്രകാരമുള്ള വികസന പദ്ധതി ചെലവ് ഉൾപ്പെടെ 2018-19 സാമ്പത്തിക വർഷത്തേക്കുള്ള പ്രതീക്ഷിത വരവ്/ചെലവുകളുടെ വിശദമായ ബഡ്ജറ്റ് നിർദ്ദേശങ്ങൾ താഴെ പറയുന്ന പ്രകാരം തയ്യാറാക്കേണ്ടതാണ് :

1)പ്രസ്തുത ബഡ്ജറ്റ് ജനുവരി 15 ന് മുമ്പ് തന്നെ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ, സെക്രട്ടറി, അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർ എന്നിവർക്ക് സമർപ്പിച്ച് അവർ നൽകുന്ന എസ്റ്റിമേറ്റും, നിർദ്ദേശങ്ങളും പരിഗണിച്ച് ബഡ്ജറ്റ് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. (ഉപവകുപ്പ് 1).

2)മേൽ സൂചിത നിർദ്ദശാനുസരണം ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി ബഡ്ജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യ ആഴ്ച്ച കഴിയുന്നതിന് മുമ്പ് തന്നെ പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കണം. (ഉപവകുപ്പ് 1(എ)(1)).

പഞ്ചായത്ത് തലത്തിൽ കരട് ബ്ജറ്റ് അംഗീകരിക്കുവാൻ സ്വീകരിച്ച് നടപടിക്രമങ്ങൾ

*ഉപവകുപ്പ് 1 ലേയും, ഉപവകുപ്പ് 1(എ)(1) ലേയും നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് കരട് ബഡ്ജറ്റ് ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയും, ഭരണസമിതിയും അംഗീകരിച്ചിട്ടുള്ളത്.(17.11.2020 ലെ അന്വേഷണ നം.7) വിശദാംശങ്ങൾ താഴെ ചേർക്കുന്നു :*

1)24.03.2018ലെ തീരുമാനം നം.1 പ്രകാരമാണ് പഞ്ചായത്തിന്റെ കരട് ബഡ്ജറ്റ് എസ്റ്റിമേറ്റും, നിർദ്ദേശങ്ങളും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്ത് ഭരണസമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളത്.

2)ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സമർപ്പിച്ച പ്രസ്തുത ബഡ്ജറ്റ് ഭരണസമിതിയുടെ 27.03.2018 ലെ 1/1ാം നമ്പർ തീരുമാന പ്രകാരമാണ് അംഗീകരിച്ചിട്ടുള്ളത്.

പ്രതീക്ഷിത വരവ്/ചെലവ് കണക്കുകളുടെ വിശദവിവരങ്ങൾ :

| | |
|---|---|
| മുൻബാക്കി | 7,45,3,472/- |
| വരവ് | 1,62,33,7,000/- |
| ആകെ വരവ് | 1,69,79,0472/- |
| ചെലവ് | 1,68,68,2000/- |
| നീക്കി ബാക്കി | 1,10,8472/- |

3)2017-18 ലെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനങ്ങളോടൊപ്പം വിശദമായ കുറിപ്പുകൾ വേണം.(ഉപവകുപ്പ് 1(എ)(3)).

നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

4)ബഡ്ജറ്റിൽ മാറ്റം വരുത്തുവാനായി സ്റ്റാന്റിംഗ് കമ്മിറ്റി റിവൈസഡ് ബഡ്ജറ്റ് തയ്യാറാക്കി പഞ്ചായത്തിന് മുമ്പാകെ സമർപ്പിക്കണം. (ഉപവകുപ്പ് 1(എ)(5).

നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

5)നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ച് ചേർത്തിട്ടുള്ളതായോ, സെക്രട്ടറി ഉൾപ്പെടെയുള്ള നിർവഹണ ഉദ്യോഗസ്ഥർ നോൺ പ്ലാൻ എസ്റ്റിറ്റുകൾ അനുവദനീയമായ സമയക്രമത്തിനുള്ളിൽ സമർപ്പിച്ച് നിർവഹണ ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്തതായോ കണ്ടില്ല.

വിശദവിവരങ്ങൾ :

| ക്രമ നം | ഇനം | നടപടിക്രമം | ഗ്രാമ പഞ്ചായത്തിന്റെ നടപടിക്രമം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | 2016 ഡിസംബർ 15-ന് മുൻപ് | ബജറ്റ് പ്രപ്പോസൽ ആവശ്യപ്പെട്ടിട്ടില്ല |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടക സ്ഥാപനങ്ങൾ സമർപ്പിക്കൽ | 2017ജനവരി 15-ന് മുൻപ് | ഘടകസ്ഥാപനങ്ങൾ സമർപ്പിച്ചിട്ടില്ല |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | 2017ജനവരി 25-ന് മുൻപ് | മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രെപ്പോസൽ വയ്ക്കൽ, ക്രോഡീകരണം | 2017ഫെബ്രുവരി 1-ന് മുൻപ് | മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | 2017ഫെബ്രുവരി 28-ന് മുൻപ് | രേഖപ്പെടുത്തിയിട്ടില്ല |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | 2017മാർച്ച് 1-ന് മുൻപ് | രേഖപ്പെടുത്തിയിട്ടില്ല |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 2017മാർച്ച് 7-ന് മുൻപ് | പ്രത്യേക കമ്മിറ്റി ചേർന്നിട്ടില്ല |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 2017മാർച്ച് 31-ന് മുൻപ് | 27.03.2018 |

അംഗീകരിച്ച വാർഷിക പദ്ധതികളും നോൺ പ്ലാൻ എസ്റ്റിമേറ്റുകളും സംയോജിപ്പിച്ചല്ല കരട് ബജറ്റ്

തയ്യാറാക്കിയിട്ടുള്ളത് . (17.11.2020ലെ അന്വേഷണ നം.5) .

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)ഭാവിയിൽ കരട് ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ ജി.ഒ.(എം.എസ്) നം. 80/2017 തസ്വഭവ 03.04.2017,ഖണ്ഡിക 29 ലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

2)ക്രമ നമ്പർ 1 മുതൽ 5 വരെ കൊടുത്തിരിക്കുന്ന ഉപവകുപ്പുകളിലേയും, സർക്കാർ ഉത്തരവിലേയും നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും, ഭരണസമിതിയുടേയും ശ്രദ്ധ പ്രത്യേകം ക്ഷണിക്കുന്നു.

1-12 ഫ്രണ്ട് ഓഫീസ് സംവിധാനം.

പൊതുജനങ്ങൾക്കുള്ള സേവനങ്ങൾ യഥാസമയം ലഭ്യമാക്കുവാനും, പഞ്ചായത്തിൽ കാര്യക്ഷമമവും, സുതര്യവും, ഫലപ്രദമായും ഫ്രണ്ട് ഓഫീസ് പ്രവർത്തിക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തുവാനായി സ്വീകരിച്ച നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ തെളിഞ്ഞ വസ്തുതകൾ താഴെ ചേർക്കുന്നു :

ഫ്രണ്ട് ഓഫീസ് പ്രവർത്തനം

ഫ്രണ്ട് ഓഫീസ് പ്രവർത്തനം രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരേയാണ്.ക്യാഷ് ഇടപാടുകൾ 10 മണി മുതൽ വൈകുന്നേരം 3 മണി വരേയാണ്.

കളക്ഷൻ ക്യാഷ്യറേ ഏൽപ്പിക്കുകയും , ക്യാഷ് ചെസ്റ്റിൽ സൂക്ഷിച്ച തുക തൊട്ടടുത്ത ദിവസം ബാങ്കിൽ അടവാക്കി വരുകയും ചെയ്യുന്നു.

തപാൽ വിതരണം

ഫ്രണ്ട് ഓഫീസിലൂടെ ലഭ്യമായ അപേക്ഷകൾ/തപാലുകൾ വിതരണ രജിസറ്ററിൽ ഒപ്പിട്ട് ഓരോ സെക്ഷനലിലേക്ക് കൈമാറിയതിന് ശേഷം പിറ്റേ ദിവസം ബന്ധപ്പെട്ട ജീവനക്കാരന് കൈമാറുകയും ചെയ്യുന്നുണ്ട്.ഇ-മെയിൽ, ടെലഫോൺ സന്ദേശങ്ങൾ എന്നിവയ്ക്ക് പ്രത്യേകം രജിസ്റ്ററുകൾ സൂക്ഷിച്ച് വിശദവിവരങ്ങൾ ബന്ധപ്പെട്ട സെക്ഷനലിലേക്ക് കൈമാറുന്നുമുണ്ട്.

സേവനങ്ങൾ നൽകൽ

ഓരോ അപേക്ഷകനും നൽകുവാനുള്ള സേവനങ്ങളെ കുറിച്ചുള്ള വിവരങ്ങൾ തലേ ദിവസം തന്നെ ഫ്രണ്ട് ഓഫീസിലുള്ള ബന്ധപ്പെട്ട ജീവനക്കാർക്ക് ലഭ്യമാവുന്ന മുറയക്ക് ഫ്രണ്ട് ഓഫീസ് ഡയറിയിൽ ഒപ്പിട്ട് വാങ്ങി പെതു ജനങ്ങൾക്ക് പ്രസ്തുത സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കി വരുന്നുണ്ട്.

ഭൗതിക സാഹചര്യം

2019 ൽ ഗ്രാമ പഞ്ചായത്ത് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭ്യമാക്കിയിട്ടുണ്ട്.2020 ൽ ആയതിന്റെ സർവെയൻസ് ഓഡിറ്റും പൂർത്തിയാക്കിയിട്ടുണ്ട്.ഹെൽപ്പ് ഡെസ്ക്ക്, പൊതുജനങ്ങൾക്കുള്ള അപേക്ഷകൾ നൽകുവാനുള്ള സൗകര്യം എന്നിവ ഏർപ്പെടുത്തുന്നതോടൊപ്പം ഫയർ എക്സ്റ്റിംഗ്യൂഷറും സുരക്ഷയ്ക്കായി ഒരുക്കിയിട്ടുണ്ട്.

പരാതിപ്പെട്ടി

ഫ്രണ്ട് ഓഫീസിൽ പരാതിപ്പെട്ടിയും, ഇതിലൂടെ ലഭ്യമാവുന്ന പരാതികൾക്ക് രജിസറ്ററും സൂക്ഷിച്ച് വരുന്നുണ്ട്.ഓരോ മാസവും പർഫോമൻസ് ഓഡിറ്റ് വിഭാഗമാണ് പരാതിപ്പെട്ടി പ്രവർത്തി ദിവസത്തിൽ തുറന്ന് ബന്ധപ്പെട്ട രജിസ്റ്ററിൽ ചേർത്തി തുടർ നടപടികൾ സ്വീകരിച്ച് വരുന്നത്. പ്രവർത്തനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അവലോകനം ചെയ്ത് വരുന്നുമുണ്ട്.

2.07.2009 ലെ ജി.ഒ.(എം.എസ്) 123/2009/ത.സ്വ.ഭ.വ യിൽ നിഷ്കർഷിക്കുന്ന താഴെ പറയുന്ന വ്യവസ്ഥകൾ നിലവിൽ ഫ്രണ്ട് ഓഫീസ് നടപടിക്രമങ്ങളിൽ പാലിച്ച് കാണുന്നില്ല .

1) ഫ്രണ്ട് ഓഫീസ് മുഖേന തപാലുകളുടോപ്പമോ, അല്ലാതേയോ ലഭിക്കുന്ന ആധാരങ്ങൾ, ബോണ്ടുകൾ എന്നിവ സെക്യൂരിറ്റി രജിസ്റ്ററിൽ ചേർത്ത് ബന്ധപ്പെട്ട സെക്ഷനിലിൽ സൂക്ഷിക്കുന്നില്ല.

2)പരാതിപ്പെട്ടിയിലൂടെ ലഭ്യമാവുന്ന പരാതികൾ തുറക്കുന്ന ദിവസം തന്നെ ബന്ധപ്പെട്ട രജിസ്റ്റിൽ ചേർത്ത് സൂക്ഷിക്കേണ്ടതാണെന്ന നിബന്ധന പാലിച്ച് കാണുന്നില്ല.

3)ഫോറങ്ങൾ ഫോറം വിതരണ രജിസ്റ്ററിൽ (അനുബന്ധം -5) ൽ ചേർത്തി ഫ്രണ്ട് ഓഫീസ് വഴി വിതരണം ചെയ്തു കാണുന്നില്ല.

ക്രമ നം.1 മുതൽ 3 വരെയുള്ള വ്യവസ്ഥകൾ പാലിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പം, ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തി ശുപാർശകളും നിർദ്ദേശങ്ങളും പഞ്ചായത്തിന് സമയബന്ധിതമായി നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-13 തൊഴിൽനികുതി രേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 (1) , (2) പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസത്തിൽ കുറയാതെ താമസിച്ചുകൊണ്ട് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. അപ്രകാരം, മുതുതല പഞ്ചായത്ത് പരിധിയിലെ വിവിധ തൊഴിൽ മേഖലകളിൽ ഏർപ്പെട്ടിട്ടിരിക്കുന്നവരിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതിയുടെ കൃത്യതയും രേഖകളുടെ സൂക്ഷിപ്പും പരിശോധിക്കുവാൻ ഓഡിറ്റ് ലക്ഷ്യമിടുകയും ആയതനുസരിച്ച് ഡിമാൻറ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിക്കുകയും ചെയ്തു. കണ്ടെത്തിയ അപാകതകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

*I.) കേരള വാട്ടർ അതോറിറ്റി RWSS , മുതുതല യിലെ ജീവനക്കാരുടെ ഒന്നാം അർദ്ധവർഷതൊഴിൽനികുതി ഈടാക്കിയിട്ടില്ല*

പ്രൊഫഷൻ ടാക്സ് ഡിമാൻറ് രജിസ്റ്ററിലെ ക്രമനം. 36 കേരള വാട്ടർ അതോറിറ്റി RWSS , മുതുതലയിലെ

1. നദീർഅലി. എം. കെ. , ഓപ്പറേറ്റർ
2. മുഹമ്മദ് ഹനീഫ് , ഓപ്പറേറ്റർ

എന്നിവരുടെ 1-ാം അർദ്ധവർഷതൊഴിൽനികുതി ഈടാക്കിയിട്ടില്ല. ആയത് സൂചിപ്പിച്ചുകൊണ്ടുള്ള ഓഡിറ്റ് എന്ക്വയറി (നം.4, 17/11/2020) ക്ക് , 2018-19 അർദ്ധവർഷകാലയളവിൽ മുതുതലയിലെ ഓഫീസിൽ അവർ സേവനമനുഷ്ഠിച്ചിരുന്നില്ല എന്ന മറുപടിയായി നല്കിയിരിക്കുന്നത്. ആയത് സംബന്ധിച്ച് രേഖാമൂലമുള്ള അറിയിപ്പ് നല്കാൻ പഞ്ചായത്തധികൃതർ നിർദ്ദേശിച്ചിരുന്നെങ്കിലും ടി ആളുകൾ അവ ഹാജരാക്കിയിട്ടില്ല. ടി വിവരം കാണിച്ചുകൊണ്ട് ഒരിക്കൽക്കൂടി അറിയിപ്പ് നല്കേണ്ടതും തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

*2.) സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കേണ്ടതാണ്*

താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമനം. | സ്ഥാപനഉടമയുടെ പേര് | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | അബൂബക്കർ .കെ.എം. | എം.എ. പാനൽസ് | 8 |
| 2 | സി.അയ്യപ്പൻ | ന്യൂ ശീതൾ പ്രോഡക്റ്റ്സ് | 5 |
| 3 | ബീന.കെ.ടി. | ഹരിശ്രീ എൻർപ്രൈസസ് | 4 |
| 4 | വേലായുധൻ | ഇന്ദിര ഹോളോബ്രിക്സ് | 3 |
| 5 | കെ.ടി.അഹമ്മദ് കബീർ | തങ്ങൾ സോമിൽ | 4 |
| 6 | പി.മമ്മു | കാരക്കത്ത് സോമിൽ | 5 |
| 7 | ടി.വി.മമ്മു | നൗഷാദ് ബ്രിക്സ് ഇൻഡസ്ട്രീസ് | 7 |
| 8 | ടി.വി.ഫൈസൽ | ഫൈസൽ ബ്രിക്സ് | 7 |
| 9 | അബൂബക്കർ | നൈൽവേ | 5 |
| 10 | രാജേഷ്.കെ | ഹരിത ഫുഡ്സ് | 7 |
| 11 | സി.ലക്ഷ്മണൻ | ശീതൾ | 10 |
| 12 | ടി.പി.യാസർഅലി | T. P. M ഇൻഡസ്ട്രീസ് | 5 |
| 13 | അനിൽ .എൻ.കെ | പ്രവാസി എഞ്ചിനീയറിംഗ് വർക്ക്സ് | 3 |
| 14 | മുഹമ്മദ് ഷാജി | ഡയമൻഡ് ബാഗ്സ് | 4 |
| 15 | മുഹമ്മദ് ഇർഫാൻ.എം | ഡീകോഡ് ഐ.റ്റി.സോഫ്റ്റ് | 4 |
| 16 | സത്യനാരായണൻ.സി | ശ്രീകൃഷ്ണ ടൈൽസ് | 5 |

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.4, 17/11/2020), തൊഴിൽനികുതി അടവാക്കാൻ നോട്ടീസ് നല്കുന്നതാണ് എന്ന് അധികൃതർ അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-14 പഞ്ചായത്ത് പരിധിയിലെ മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

പഞ്ചായത്ത് പരിധിയിലെ മൊബൈൽ ടവറുകൾക്ക് താഴെക്കൊടുത്തിരിക്കുന്ന പ്രകാരം വസ്തുനികുതി

കുടിശ്ശികയാണുള്ളത്.

| ക്രമനം. | വാർഡ് നം./ കെട്ടിടനം. | ടവർ | വാർഷിക വസ്തുനികുതി | കുടിശ്ശിക |
|---|---|---|---|---|
| 1 | 3/82 B | BSNL | 8726 | 2013-14 മുതൽ 2020-21 വരെ |
| 2 | 3/446A | റിലയൻസ് ഇൻഫ്രാടെൽ ലി. | 8190 | 2013-14 മുതൽ 2020-21 വരെ |
| 3 | 10/156B | BSNL | 2501 | 2013-14 മുതൽ 2020-21 വരെ |
| 4 | 12/98A | റിലയൻസ് ഇൻഫ്രാടെൽ ലി. | 10868 | 2013-14 മുതൽ 2020-21 വരെ |

മേൽ പ്രസ്താവിച്ച ടവറുകളുടെ കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം -9/19-11-2020)

1-15 ലൈസൻസ് അപേക്ഷകൾ പരിശോധിക്കുമ്പോൾ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

1.) പുതുക്കിയ ചട്ടപ്രകാരം ലൈസൻസ് അനുവദിക്കേണ്ടതാണ്.

31.10.2017 ലെ ജി.ഒ (പി) നം 80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ.നം.674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. 2017 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ എന്ന് പുനർ നാമകരണം ചെയ്തിട്ടുണ്ട്. ഭേദഗതിക്ക മുമ്പ്, ചട്ടം 10 ലെ പട്ടിക രണ്ട് പ്രകാരം വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനങ്ങളുടെ പരമാവധി ലൈസൻസ് ഫീസ് ഈടാക്കിയിരുന്നത്. ഭേദഗതി ചട്ടങ്ങൾ അനുസരിച്ച് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നീ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കേണ്ടതാണ്.

| ക്രമ നം. | വ്യവസായ സ്ഥാപനത്തിന്റെ തരം | ചുമത്താവുന്ന പരമാവധി തുക |
|---|---|---|
| 1 | മൈക്രോ | 500/- |

| | | |
|---|---|---|
| 2 | മിനി | 1000/- |
| 3 | സ്മാൾ | 5000/- |
| 4 | മീഡിയം | 10000/- |
| 5 | ലാർജ്ജ് | 15000/- |

മുതല ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ ലൈസൻസ് ഫീ അപേക്ഷകൾ സ്വീകരിച്ചിരിക്കുന്നത് ഒരു ദിവസത്തെ വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ്. പുതുക്കിയ ചട്ടപ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കാത്തതിൻെറ കാരണം വിശദമാക്കേണ്ടതാണ് എന്ന ഓഡിറ്റ് അന്വേഷണത്തിന്(നം .1 ,17-11-2020) മറുപടിയായി , പഴയ ലൈസൻസ് ഫോറങ്ങളാണ് ഉപയോഗിച്ചിരിക്കുന്നത് എങ്കിലും ഫീസ് ഈടാക്കിയിരിക്കുന്നത് പുതുക്കിയ ചട്ടപ്രകാരമാണ് എന്നാണ് പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിരിക്കുന്നത്.

2.) ലൈസൻസ് അനുവദിക്കുന്നതിനായുള്ള അപേക്ഷകളിൽ പലതും അപൂർണ്ണമാണ്.

മുതല ഗ്രാമപഞ്ചായത്തിലെ ലൈസൻസ് അപേക്ഷകളിൽ മിക്കതിലും അപേക്ഷയെക്കുറിച്ചുള്ള അന്വേഷണ റിപ്പോർട്ട് , സെക്രട്ടറിയുടെ തീരുമാനം മുതലായവ പൂരിപ്പിച്ചതായി കാണുന്നില്ല. മേൽ അപാകത ആവർത്തിക്കുന്നതല്ല എന്നും, നിലവിലെ ലൈസൻസ് അപേക്ഷകളിൽ രേഖപ്പെടുത്തലുകൾ പൂർണ്ണമായി പൂരിപ്പിച്ചിട്ടുണ്ടെന്നും ഓഡിറ്റ് അന്വേഷണത്തിന് മറുപടി നല്കിയിട്ടുണ്ട്.

3.) സാനിട്ടറി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ ലൈസൻസ് അനുവദിച്ചിരിക്കുന്നു

1996-ലെ കേരള പഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക V പ്രകാരം ഭക്ഷ്യ ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും വിപണനം നടത്തുകയും ചെയ്യുന്ന സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് അനുവദിക്കുന്നതിന് ആരോഗ്യ വകുപ്പിൽ നിന്നുള്ള സാനിറ്ററി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. എന്നാൽ താഴെപ്പറയുന്ന അപേക്ഷകളിൽ പഞ്ചായത്ത് , സാനിട്ടറി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ ലൈസൻസ് അനുവദിച്ചിരിക്കുന്നു.

| ക്രമനം. | ലൈസൻസ് അപേക്ഷകൻ | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | കെ.മൊയ്തു. | സെമിറ ബേക്കറി |
| 2 | എം.പി.അബ്ദു | ക്വാളിറ്റി സ്റ്റോർഴ്സ് |
| 3 | ചന്ദ്രബാബു.ടി | കൃഷ്ണ മെഡിക്കൽസ് |
| 4 | ശ്രീകുമാർ.കെ.പി | നാഗാർജ്ജുന ഏജൻസീസ് |
| 5 | മുഹമ്മദ് മുസ്തഫ | വിറ്റ്നസ് ബേക്കറി |
| 6 | സേതുമാധവൻ.കെ | SAS ഏജൻസീസ് |
| 7 | അബ്ദുൾ നാസർ.സി | C.T.സ്റ്റോർ |
| 8 | സെയ്താലിക്കുട്ടി | ബർക്കത്ത് സ്റ്റോർ |

| | | |
|---|---|---|
| 9 | കുഞ്ഞിമുഹമ്മദ് | പുതുമ പിക്കിൾസ് |
| 10 | സെക്രട്ടറി | വട്ടപ്പറമ്പ് ക്ഷീരോദ്പാദകസഹകരണസംഘം |
| 11 | രാജേഷ്.കെ | ഹരിത ഫുഡ്സ് |
| 12 | അൻസാർ.എം | എം.എച്ച്.ആയുർവേദ |
| 13 | മുഹമ്മദ് ഹാഷിം | ന്യൂസിറ്റി സ്റ്റോർഴ്സ് |
| 14 | അസൈനാർ | ഫ്രണ്ട്സ് ബേക്കറി |
| 15 | ബാലരാജ്.ടി.പി | ദിൽരാജ് അസോസിയേറ്റ്സ് |

സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ സാനിട്ടറി സർട്ടിഫിക്കറ്റ് ഹാജരാക്കുന്നത് ഉറപ്പുവരുത്തേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം .1 /17-11-2020)

1-16 തനത് ഫണ്ടിലെ ഇടപാടുകൾക്കായി ഒറ്റ ബാങ്ക് അക്കൗണ്ട് മാത്രം നിലനിർത്തേണ്ടതാണ്.

തനത് വരുമാനം സൂക്ഷിക്കുവാൻ ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ട് പഞ്ചായത്ത് നിലനിർത്തുന്നുണ്ടെന്ന് വാർഷിക പത്രികയുടെ പരിശോധനയിൽ നിന്നും വ്യക്തമായിട്ടുണ്ട്. വാർഷിക ധനകാര്യ പത്രികയിലുൾപ്പെടുത്തിയ ബാങ്ക് അക്കൗണ്ടിന്റെ വിശദവിവരങ്ങൾ :

| ക്രമ നം. | കോഡ് നം. | ബാങ്കിന്റെ വിവരങ്ങൾ | തുക |
|---|---|---|---|
| 1 | 450100101 | എസ്.ബി.ഐ – തനത് ഫണ്ട് (മണൽ) | 3,286,484/- |
| 2 | 450210101 | പട്ടാമ്പി സേവന സഹകരണ ബാങ്ക് | 6,527,237/- |
| 3 | 450230101 | ട്രഷറി .ടി.എസ്.ബി. A/C | 7,632,069/- |

26.05.2011 ലെ സർക്കുലർ നം. 58725/എഫ്.എം.3 2008 /തസ്വ.ഭ.വ പ്രകാരം തനത് ഫണ്ട് സൂക്ഷിക്കുന്നതിനായി ട്രഷറി അക്കൗണ്ടിന് പുറമേ ദേശാൽകൃത ബാങ്കിലോ/സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു.പ്രസ്തുത നിർദ്ദേശാനുസരണം ക്രമ നം. 1 മുതൽ 3 വരെ കൊടുത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളിലെ ഇടപാടുകൾ ഒറ്റ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിററ് ചെയ്ത് നിലനിർത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

തുടർ നടപടികൾ സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേമണ്ടതാണ്.

1-17 ദിവസ/വേതന കരാർ നിയമനം - പ്രധാന വ്യവസ്ഥകൾ പാലിച്ച് കാണുന്നില്ല.

ദിവസ/കരാർ വേതന വ്യവസ്ഥയിൽ ഗ്രാമപഞ്ചായത്തിൽ താഴെ പറയുന്ന ജീവനക്കാരെ നിയമിച്ച് തനത് ഫണ്ടിൽ നിന്നും വേതനം നല്കിയതായി പരിശാധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ജീവനക്കാരുടെ തസ്തിക

വിവരങ്ങൾ :

1)പഞ്ചായത്ത് വാഹന ഡ്രൈവർ.

2)ക്ലർക്ക്.

3) നഴ്സിംഗ് അസിസ്റ്റന്റ്.

4)പി.ടി.എസ്.

5)ഡാറ്റാ എന്ട്രി ഓപ്പറേറ്റർ.

28.04.2017 ലെ ജി.ഒ.(പി) നം.56/2017/ധന പ്രകാരമുള്ള ദിവസ/വേതന കരാറുമായി ബന്ധപ്പെട്ട താഴെ പറയുന്ന പ്രധാന വ്യവസ്ഥകൾ പാലിച്ചതിന്റെ വിശദവിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നു. (18.11.2020. അന്വേഷണ നം.4)

1)കരാർ അടിസ്ഥാനത്തിൽ നിയമിതരായ ജീവനക്കാരെ ഒരു വർഷത്തേക്ക് മാത്രം പരിമിതപ്പെടുത്താവുന്നതും, വകുപ്പ് മേധാവിക്ക് ബോദ്ധ്യപ്പെടുന്ന പക്ഷം ഒരു വർഷത്തേക്ക് കൂടി സേവനം ദീർഘിപ്പിച്ച് നൽകാവുന്നതാണെന്നും, കൂടാതെ രണ്ടു വർഷത്തെ കാലാവധിക്കാണ് സേവനം ദീർഘിപ്പിക്കുന്നെങ്കിൽ സർക്കാരിന്റെ അനുമതിയോടു കൂടിയെ കരാർ പുതുക്കാവൂ എന്നും നിഷ്കർഷിക്കുന്നു.

2)ദിവസ/വേതന കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയോഗിക്കേണ്ടതിന്റെ ആവശ്യകത വകുപ്പ് മേധാവി വിലയിരുത്താറുണ്ടെങ്കിൽ ആയതിന്റെ വിശദവിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)ക്രമ നം.1 മുതൽ ക്രമ നം.5 വരെ ഉൾപ്പെടുത്തിയ ദിവസ വേതനത്തിനായി നിയമിച്ച തസ്തികകളിൽ ഉൾപ്പെട്ട ജീവനക്കാരുടെ സേവന കാലയളവ് ആരംഭിച്ചതും, സേവനം നിലവിലും തുടരുന്നുണ്ടെങ്കിൽ ആയതിന്റേയും വിശദവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് വകുപ്പ് മേധാവി സ്വീകരിച്ച നടപടികളുടെ വിശദവിവരങ്ങളും ഓഡിറ്റിന് ഹജരാക്കേണ്ടതാണ്.

2)സേവന കാലയളവ് രണ്ടു വർഷത്തേക്കാൾ അധികരിക്കുന്ന കരാർ അടിസ്ഥാനത്തിൽ നിയമിതരായ ജീവനക്കാർക്കുള്ള അനുമതി സർക്കാരിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.സർക്കാർ അനുമതിയില്ലാതെ അനുവദനീയമായ സമയ പരിധിയിൽ കവിഞ്ഞ് സേവനം തുടർന്ന് വരുന്ന ജീവനക്കാർക്ക് നല്കിയ വേതനത്തിനുള്ള സാധൂകരണം സർക്കാരിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.സമയബന്ധിതമായി തുടർ നടപടികൾ സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

3)ഭാവിയിൽ കരാർ അടിസ്ഥാനത്തിൽ ദിവസ വേതനത്തിനായി ജീവനക്കാരെ നിയമിക്കുമ്പോൾ 28.04.2017 ലെ ജി.ഒ.(പി) നം.56/2017/ധന എന്ന ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

1-18 സംയുക്ത പ്രൊജക്റ്റുകൾക്കായി ആരംഭിച്ച ബാങ്ക് അക്കൗണ്ടലെ വിനിയോഗിക്കാത്ത നീക്കിയിരുപ്പ് തിരികെ അടവാക്കേണ്ടതാണ്.

23.01.2017 ലെ സ.ഉ.(പി) നം.07/2017/ഫിൻ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സംയുക്ത പ്രാജക്റ്റുകൾക്കുള്ള (Joint Venture) തുക നിക്ഷേപിക്കുന്നതിനും പിൻവലിക്കുന്നതിനുമായി ട്രഷറിയിൽ ഒരു STSTB അക്കൗണ്ട് ആരംഭിക്കാവുന്നതാണെന്ന് നിഷ്കർഷിക്കുന്നു.ഇതിലേക്കായി ലഭ്യമാവേണ്ട തുക ഒറ്റ തവണയായി സെപ്റ്റംബർ 30 നകം ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടതാണെന്നും, മറ്റ് ഫണ്ടുകളൊന്നും പ്രസ്തുത അക്കൗണ്ടിൽ നിക്ഷേപിക്കാവുന്നതല്ലായെന്നും മേൽ ഉത്തരവ് നിഷ്കർഷിക്കുന്നു. ഇതിൽ നിന്നും ചെക്ക്

മുഖാന്തിരം തുക പിൻവലിക്കാവുന്നതാണ്.സാമ്പത്തിക വർഷത്തിനുള്ളിൽ ചെലവഴിക്കുവാൻ സാധ്യതയില്ലാത്ത തുക ഫെബ്രുവരി 28 നകം അതാത് സ്ഥാപനങ്ങളിലേക്ക് തിരികെ നൽകേണ്ടതാണ്.മാർച്ച് 31 നകം ചെവവഴിക്കാതെ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതുമാണ്.പണമാക്കാത്ത ചെക്കിന്റെ തുക നില നിർത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ സംയുക്ത പ്രൊജക്റ്റുകൾക്കായി ആരംഭിച്ച അക്കൗണ്ടിന്റെ വിശദവിവരങ്ങൾ :

| കോഡ് | ബാങ്കിന്റെ പേര് | നീക്കിയിരിപ്പ് |
|---|---|---|
| 450650109 | ട്രഷറി .ടി.എസ്.ബി.-ജോയിന്റ് വെൻചർ | 5,22,919/- |

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) 23.01.2017 ലെ സ.ഉ.(പി) നം.07/2017/ഫിൻ പ്രകാരം ട്രഷറി .ടി.എസ്.ബി.-ജോയിന്റ് വെൻചർ അക്കൗണ്ടിൽ പണമാക്കാത്ത ചെക്കിന്റെ തുക മാത്രം നിലനിർത്തി കൊണ്ട് മാർച്ച 31ന് ശേഷം വിനിയോഗിക്കാതെ നീക്കിയിരിപ്പായ 5,22,919/- രൂപ തിരികെ അടവാക്കേണ്ടതാണ്.

തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരം ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

1-19 സാമൂഹ്യ സുരക്ഷാ പദ്ധതികൾ

ഗ്രാമ പഞ്ചായത്തിൽ സാമൂഹ്യ സുരക്ഷാ പദ്ധതികൾക്കായി സൂക്ഷിച്ച് വരുന്ന രജിസ്റ്ററുകളും, ഫയലുകളും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. 6.11.2017 ലെ സ.ഉ.(എം.എസ്)നം.483/2017/ധന പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ മാനദണ്ഡങ്ങളുടെ സംയോജനവും, പുതിയ വ്യവസ്ഥകളുടേയും അടിസ്ഥാനത്തിൽ പെൻഷനുകൾ അനുവദിക്കുന്നതിനായി പഞ്ചായത്ത് സ്വീകരിച്ച് വരുന്ന നടപടിക്രമങ്ങളുടെ വിശദവിവരങ്ങൾ താഴേ ചേർക്കുന്നു :

1)പെൻഷനുകൾക്കായി സമർപ്പിക്കപ്പെടുന്ന അപേക്ഷകളുടെ വിശദവിവരങ്ങൾ സേവനാ സോഫറ്റ് വെയറിൽ ഡാറ്റാ എൻട്രി നടത്തി വരുന്നുണ്ട്.

2)4 ചക്ര വാഹനങ്ങൾ ഉള്ളവർക്ക് നിലവിൽ പെൻഷൻ അനുവദിക്കുന്നില്ല.

3)ഒരു ആധാർ കാർഡ് ഉള്ളവർക്ക് നിലവിൽ ഒരു പെൻഷൻ മാത്രമേ നൽകുന്നുള്ളൂ.

3)2018-19 ൽ ലഭ്യമായ അപേക്ഷകൾ പരിഗണിച്ചതും, നിരസിച്ചതും, നടപടികൾ സ്വീകരിക്കാത്ത അപേക്ഷകളുടേയും വിശദവിവരങ്ങൾ അടങ്ങിയ സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലുകളോട് കൂടിയ വാർഷിക സംഗ്രഹം നിലവിൽ പെൻഷൻ രജിസ്റ്ററുകളിൽ സൂക്ഷിച്ച് വരുന്നില്ല.ആയതിന്റെ അടിസ്ഥാനത്തിൽ 2018-19 ൽ ലഭ്യമായ അപേക്ഷകളുടെ സ്ഥിതി വിവര കണക്കുകൾ ആധികാരികതയോട് കൂടി ഓഡിറ്റിൽ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

4)അപേക്ഷകൾ ലഭ്യമാവുന്ന മുറയ്ക്ക് ഒരോ വർഷത്തിലും ഒരു തവണ അക്ഷയ കേന്ദ്രങ്ങൾ മുഖേന മോണിറ്ററിംഗ് നടത്തി അപേക്ഷകർ മരണപ്പെട്ടിട്ടില്ലായെന്ന് ഉറപ്പ് വരുത്തുന്നമുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിക്കുമ്പോൾ 6.11.2017 ലെ സ.ഉ.(എം.എസ്)നം.483/2017/ധന പ്രകാരമുള്ള മാനദണ്ഡങ്ങളും, വ്യവസ്ഥകളും പാലിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2)2018-19 ൽ ലഭ്യമായ അപേക്ഷകൾ പരിഗണിച്ചതും, നിരസിച്ചതും, നടപടികൾ സ്വീകരിക്കാത്ത അപേക്ഷകളുടേയും വിശദവിവരങ്ങൾ അടങ്ങിയ സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലുകളോട് കൂടിയ

വാർഷിക സംഗ്രഹം തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

തുടർ നടപടികൾ സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

1-20 ഓണം അഡ്വാൻസ് തിരികെ ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരനായ സീനിയർ ക്ലർക്ക് എം.വിനോദ് കുമാർ 2015-16 ൽ കൈപ്പറ്റിയ അനുവദനീയമായ ഓണം അഡ്വാൻസായ 10,000/- രൂപയിൽ തിരികെ അടവാക്കിയ 4,000/- രൂപയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു:

| വൗച്ചർ നം./തീയതി | തുക |
|---|---|
| 215004350/1.10.2015 | 2,000/- |
| 21500511/3.11.2015 | 2,000/- |
| ആകെ | 4,000/- |

ഓണം അഡ്വാൻസിൽ തിരികെ അടവാക്കേണ്ട 6,000/- രൂപ 2018-19 ലും പഞ്ചായത്തിന്റെ ട്രഷറിയിലുള്ള ബന്ധപ്പെട്ട ശീർഷകത്തിൽ അടവാക്കിയിട്ടില്ല എന്നാണ് പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുള്ളത്. (19.112020 ലെ അന്വേഷണ നം.10)

സെക്രട്ടറിയുടെ വിശദീകരണം

സീനിയർ ക്ലർക്കായ ശ്രീ.വിനോദ് കുമാർ 3.11.2015 ൽ മുതുതല ഗ്രാമ പഞ്ചായത്തിൽ നിന്നും വിടുതൽ ചെയ്യപ്പെട്ടിട്ടുണ്ട്.തുടർന്ന് പോലീസ് സബ് ഇൻസ്പെക്ടറായി സ്ഥല മാറ്റം കിട്ടി ജോലിയിൽ പ്രവേശിച്ചതിന് ശേഷം, കൈപ്പറ്റിയ ഓണം അഡ്വാൻസിലെ ബാക്കി തുക ടി-യാൻ പ്രസ്തുത സ്ഥാപനത്തിലെ ട്രഷറി അക്കൗണ്ടിലാണ് അടവാക്കിയിട്ടുള്ളതെന്നാണ് സെക്രട്ടറി രേഖാമൂലം വിശദീകരിച്ചിട്ടുള്ളത്.(അന്വേഷണ നം. 10തീയതി).ചട്ടം അനുശാസിക്കുന്ന രീതിയിൽ പഞ്ചായത്തിന്റെ ട്രഷറിയിൽ തിരികെ അടവാക്കേണ്ട 6,000/- രൂപ അടവാക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീ.വിനോദ് കുമാറിന്റെ സ്ഥല മാറ്റം കിട്ടിയ സ്ഥാപനത്തിലേക്ക് 23.05.2016 ന് കത്ത് അയച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

ഓണം അഡ്വാൻസിൽ തിരികെ അടവാക്കേണ്ട 6000/- രൂപ ട്രഷറിയിലുള്ള ബന്ധപ്പെട്ട ശീർഷകത്തിൽ അടവാക്കുവാനുള്ള തുടർ നടപടികൾ പൂർത്തീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

1-21 തെരുവ് വിളക്കുകളുടെ പരപാലനം.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ ക്രമ നം. 15 പ്രകാരം തെരുവ് വിളക്കുകൾ പ്രകാശിപ്പിക്കുന്നതും ഇവയുടെ കാര്യക്ഷമത ഉറപ്പ് വരുത്തുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാണ്. വിദ്യുച്ഛക്തിയും, ഊർജ്ജവും എന്ന മേഖലയിലും പ്രസ്തുത ചുമതല ഉൾപ്പെടുത്തിയിട്ടുണ്ട് .ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള തെരുവ് വിളക്കുകളുടെ പരിപാലനത്തിന്റെ കാര്യക്ഷമത പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിൽ തെളിഞ്ഞ വസ്തുതകൾ താഴെ ചേർക്കുന്നു :

തെരുവ് വിളക്കുകൾക്കുള്ള രജിസ്റ്ററുകൾ

പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമ ഉത്തരവ് നം- ജി2-44274/2015 /17.08.2015 അനുസരിച്ച് തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച് താഴെ പറയുന്ന രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു :

1. തെരുവ് വിളക്ക് ആസ്തി രജിസ്റ്റർ (സ്ട്രീട്ട് ലൈറ്റ് രജിസ്റ്റർ).

2. പരാതി രജിസ്റ്റർ.

3. സാധന സാമഗ്രികൾക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ .

4. രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ്.

പഞ്ചായത്ത് തലത്തിൽ സ്വീകരിച്ച് വരുന്ന നടപടിക്രമം .

*ഗ്രാമ പഞ്ചായത്തിൽ സ്ട്രീട്ട് ലൈറ്റ് രജിസ്റ്ററും, സാധന സാമഗ്രികൾക്കുള്ള പ്രത്യേകം സ്റ്റോക്ക് രജിസ്റ്ററും സൂക്ഷിക്കുന്നുണ്ട്.ഉപയോഗ ശൂന്യമായ തെരുവ് വിളക്കുകൾ ഇലക്ട്രിക്ക് പോസ്റ്റിൽ നിന്നും ഒഴിവാക്കി മാറ്റുന്നത് കൂടുതൽ ചെലവ് വരുന്ന പ്രവൃത്തികളായതിനാൽ രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് സൂക്ഷിക്കുന്നില്ലായെന്ന് രേഖാമൂലം സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്.(17.11.2020 ലെ അന്വേഷണ നം.2)*

KSEB യുമായുള്ള സംയുക്ത പരിശോധന

പഞ്ചായത്ത് അധികൃതരും, KSEB യുമായി നടത്തിയ സംയുക്ത പരിശോധനയുടെ തീയതിയും, പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള തെരുവ് വിളക്കുകളുടെ തരവും, എണ്ണവും സംബന്ധിച്ച കണക്കുകളും ഹാജരാക്കുവാൻ ഓഡിറ്റ് അന്വേഷണത്തിലൂടെ ആവശ്യപ്പെട്ടിരുന്നു. മറുപടിയിൽ പ്രസ്തുത വിവരം ഉള്ളടക്കം ചെയ്തിട്ടില്ല.

2018-19 സാമ്പത്തിക വർഷത്തിൽ തെരുവ് വിളക്കുകൾക്കുള്ള വൈദ്യുതി ചാർജ്ജിനത്തിൽ 6,59,826/- രൂപ K.S.E.B യിലേക്ക് അടവാക്കിയിട്ടുണ്ട്.

മീറ്ററിംഗ് സംവിധാനം

തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടില്ല.തെരുവ് വിളക്കുകൾക്കുള്ള വൈദ്യുതി ചാർജ്ജ് അടവാക്കുന്നത് KSEB യുടെ ടാരിഫ് റേറ്റ് പ്രകാരമാണ്.ടാരിഫ് റേറ്റ് കണക്കുകൾ ഓഡിറ്റ് അന്വേഷണത്തിലൂടെ ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടിയിൽ ഉള്ളടക്കം ചെയ്തിരുന്നില്ല.

തെരുവ് വിളക്കുകൾക്കുള്ള അറ്റകുറ്റ പണികൾ .

KSEB യുമായി ചർച്ച ചെയ്താണ് അറ്റകുറ്റ പണികൾ നിർവ്വഹിക്കുന്നത്.KSEB ക്ക് സൂപ്പർവിഷൻ ചാർജ്ജ് കരാറുകാരൻ അടവാക്കിയാണ് അറ്റകുറ്റ പണികൾ നിർവ്വഹിക്കുന്നത്.KSEB യുടെ സാക്ഷ്യപത്രം ലഭ്യമാക്കിയതിന് ശേഷമാണ് അറ്റകുറ്റ പണികൾക്കുള്ള തുക പഞ്ചായത്ത് അധികൃതർ നൽകുന്നത്.സാമ്പത്തിക പരിമിതി മൂലമാണ് ആന്വൽ മെയിന്റനൻസ് കോൺട്രാക്റ്റ് മുഖേന അറ്റകുറ്റ പണികൾ നടത്താത്തത് എന്നും സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്.ഉപയോഗ ശൂന്യമായ ബൾബുകൾ അഴിച്ച് മാറ്റുന്ന പ്രവൃത്തി ചെലവേറിയതിനാൽ അത്തരം നടപടി പഞ്ചായത്ത് തലങ്ങളിൽ സ്വീകരിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധനാ റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

2)മീറ്ററിംഗ് ഏർപ്പെടുത്താത്ത തെരുവ് വിളക്കുകളുടെ എണ്ണവും, തരവും അനുസരിച്ച് പഞ്ചായത്ത് അടവാക്കുന്ന വൈദ്യുതി ചാർജ്ജിന്റെ ടാരിഫ് റേറ്റ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

3)7.07.2010ലെ 43742/ഡി.സി.3.2010/ത.സ്വ.ഭ.വ പ്രകാരം ഓരോ മീറ്ററിംഗ് പോയിന്റിനും പ്രത്യേക കൺസ്യൂമർ നമ്പർ നൽകുകയും, സ്പോട്ട് ബില്ലിംഗ് സമ്പ്രദായം നടപ്പാക്കേണ്ടതുമാണ് എന്നും നിഷ്കർഷിക്കുന്നു.മീറ്റർ പ്രവർത്തിക്കുന്നതിനുള്ള ഉത്തരവാദിത്വം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലയാണ്.

4)2.03.2013 ലെ സ.നം.655529/ഡി.സി.3/12 ത.സ്വ.ഭ.വ പ്രാരം ഓട്ടാമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കുകയും പ്രസ്തുത ആവശ്യത്തിനായി KSEB യിൽ നിന്നും സേവനം ലഭ്യമാക്കി ഇതിലേക്കായുള്ള ആവശ്യമായ തുക അടവാക്കേണ്ടതുമാണ്.

5)15.09.2011 ലെ 3055/ഡ.എ.3/2011/ത.സ്വ.ഭ.വ പ്രകാരം KSEB യുടെ മേൽ നോട്ടത്തിൽ വാർഡ് മെമ്പറുടെ പരാതികളനുസരിച്ച് അറ്റകുറ്റ പണികൾ നിർവ്വഹിക്കുമ്പോൾ കാല താമസം നേരിടുകയും, പ്രവർത്തിയുടെ നിരക്ക് കൂടുതൽ ആവും എന്നതിനാൽ KSEB യെ ഒഴിവാക്കി പ്രവർത്തി ടെണ്ടറിംഗ് നടപടികളിലൂടെ നിർവ്വഹിക്കാവുന്നതാണെന്ന് നിർദ്ദേശിക്കുന്നു.പ്രവ്യത്തിക്കായി ഉപയോഗിക്കുന്ന സാമഗ്രികൾ ISO നിലവാരമുള്ളതായിരിക്കണം.

6)വൈദ്യുതി ഉപഭോഗം കൂടുതലായ ബൾബുകൾ ഒഴിവാക്കി പരിസ്ഥതിക്ക് ഹാനികരമല്ലാത്തതും, വില്പനാനന്തര സേവനകൾ ഉറപ്പ് വരുത്തി ഊർജ്ജം കുറവായി ഈടാക്കുന്ന എൽ.ഇ.ഡി ബൾബുകൾ ഉപയോഗിക്കേണ്ടതുമാണ്.

നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കി വിശദവിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

1-22 കുടിവെള്ള പദ്ധതികളുടെ പരിപാലനം.

പഞ്ചായത്തിന്റെ അധീനതയിലുള്ള കുടിവെള്ള വിതരണം കാര്യക്ഷമവും, ഫലപ്രദവുമായി നിർവ്വഹിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുവാനായി പഞ്ചായത്ത് തലങ്ങളിലുള്ള നടപടിക്രമങ്ങളിൻ മേൽ ഓഡിറ്റ് സ്വീകരിച്ച നിരീക്ഷണങ്ങളുടെ അടിസ്ഥനത്തിൽ തെളിഞ്ഞ വസ്തുതകൾ താഴെ ചേർക്കുന്നു :

കുടിവെള്ള പദ്ധതികളുടെ രജിസ്റ്റർ

a)പഞ്ചായത്തിന്റെ പ്രവ്യത്തനത്തിലുൾപ്പെടുന്ന കുടിവെള്ള പദ്ധതികളുടെ വിശദവിവരങ്ങൾ അടങ്ങുന്ന രജിസ്റ്റർ നിലവിൽ കാലികമാക്കി സൂക്ഷിച്ച് വരുന്നില്ല. പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന വാർഡുകളുടെ അടിസ്ഥനത്തിൽ കുടിവെള്ള പദ്ധതികളുടെ പേര് വിവരങ്ങൾ ചേർത്ത് കുടിവെള്ള പദ്ധതി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതാണെന്ന് രേഖാമൂലം സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്.(17.11.2020 ലെ അന്വേഷണ നം.3)

b)പദ്ധതികളിലുൾപ്പെടുന്ന ഗാർഹിക/ഗാർഹികേതര കണക്ഷനുകളുടെ എണ്ണം, ഇവയ്ക്ക് ഈടാക്കപ്പെടുന്ന നിരക്ക് എന്നിവയുടെ കണക്കുകളും നിലവിൽ പഞ്ചായത്ത് തലത്തിൽ സൂക്ഷിച്ച് വരുന്നില്ല.കുടിവെള്ള കണക്ഷനുകൾക്കുള്ള ഡെപ്പോസിറ്റ് ഉപഭോക്താക്കളിൽ നിന്നും പഞ്ചായത്ത് ഈടാക്കി വരുന്നില്ല.വെള്ളക്കരം പഞ്ചായത്ത് നേരിട്ട് പിരിക്കുന്നില്ല.

പൊതു ടാപ്പുകളിലൂടേയുള്ള ജല വിതരണം .

കേരള ജല അതോറിറ്റി പരിപാലിക്കുന്ന പൊതുടാപ്പുകളിലൂടേയുള്ള ശുദ്ധ ജല വിതരണത്തിന്റെ ചെലവ് പഞ്ചായത്താണ് വഹിക്കുന്നത്.2018-19 സാമ്പത്തിക വർഷത്തിൽ പൊതുടാപ്പുകളിലൂടേയുള്ള ജല വിതരണത്തിനായി KWA യിലേക്ക് പഞ്ചായത്ത് 1,483,563/- രൂപ അടവാക്കിയിട്ടുണ്ട്. ഗുണഭോക്തൃ സമിതികൾ മുഖേന ഗാർഹിക കണക്ഷനുകൾ നല്കി വരുന്നതായാണ് ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ വീശദീകരിച്ചിട്ടുള്ളത്.

സംയുക്ത പരിശോധന .

പഞ്ചായത്ത് അധികൃതർ K.W,A.യിലെ ഉദ്യോഗസ്ഥരുടെ കൂടെ സംയുക്തമായി പരിശോധന നടത്തിയതിന്റെ അടിസ്ഥനത്തിൽ 151 പൊതുടാപ്പുകൾ നീക്കം ചെയ്യുവാനായി നടപടി കൈക്കോണ്ടിട്ടുണ്ട്.പ്രസ്തുത പരിശോധനയ്ക്കായി 2019-2020 ൽ അംഗീകാരം ലഭ്യമാക്കിയ പദ്ധതിയിൽ വകയിരുത്തിയ 1,44,200/- രൂപ

K.W.A യിൽ അടവാക്കിയിട്ടുമുണ്ട്.

മീറ്ററിംഗ് സംവിധാനം .

പഞ്ചായത്ത് പരിധിയിലുള്ള പ്രവർത്തനക്ഷമമായ പൊതുടാപ്പുകൾക്ക് മീറ്റർ ഘടിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.ഭാവിയിൽ പൊതുടാപ്പുകൾ പൂർണ്ണമായി ഒഴിവാക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടിയിൽ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്.

നിയമാവലി .

കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട നിയമാവലി തയ്യാറാക്കി പഞ്ചായത്ത് അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തിയിട്ടില്ല.

കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയത്

കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് പൂർണ്ണമായി കൈമാറിയതായാണ് മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്.വാർഡ് തിരിച്ചുള്ള പദ്ധതികളുടെ പേരു വിവരങ്ങൾ മറുപടിയിൽ ഉൾക്കൊള്ളിച്ചിട്ടില്ല.വെള്ളക്കര കുടിശ്ശിക നിലനിർത്താതെയാണ് കുടിവെള്ള പദ്ധതികൾ കൈമാറിയിട്ടുള്ളതെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

ജല സ്രോതസ്സുകളുടെ സംരക്ഷണം .

തൊഴിലുറപ്പ് പദ്ധതി പ്രകാരവും, മറ്റ് വകുപ്പുകൾ മുഖേനയും പഞ്ചായത്തിലെ പരമ്പരാഗത ജല സ്രോതസ്സുകളുടെ സംരക്ഷണം പഞ്ചായത്ത് ഉറപ്പ് വരുത്തുന്നുണ്ട്.ചെറു കിട ജലസേചനം വഴി കണ്ണാടിച്ചി കുളം പുനരുദ്ധാരണം , ജില്ലാ പഞ്ചായത്ത് വഴി കാരക്കുളം നവീകരണം, ഹരിത കേരള മിഷൻ വഴി കണ്ടൻ തോട് പുനരുദ്ധാരണം എന്നിവ ഉദാഹരണങ്ങളാണ്.

പഞ്ചായത്തിൽ നിന്നും ലഭ്യമായ മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രാവർത്തികമാക്കേണ്ട ഓഡിറ്റ് നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു :

1)പഞ്ചായത്ത് പരിധിയിലുള്ള വാർഡുകളുടെ അടിസ്ഥാനത്തിൽ കുടിവെള്ള പദ്ധതികളുടെ വിശദവിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തി കുടിവെള്ള പദ്ധതി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

2)പഞ്ചായത്തിന്റെ പരിധിയിലുള്ള പ്രവർത്തനക്ഷമമായ പൊതുടാപ്പുകൾക്ക് മീറ്ററിംഗ് സംവിധാനം പൂർണ്ണമായി ഏർപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3)കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട നിയമാവലി തയ്യാറാക്കി പഞ്ചായത്ത് അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

4)കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറിതിന്റെ തീയതിയും , വാർഡുകളുടെ വിശദവിവരങ്ങളും ഉൾക്കൊള്ളിച്ച് ബന്ധപ്പെട്ട രജിസ്റ്റർ കാലികമാക്കേണ്ടതാണ്.പ്രസ്തുത വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

5)പ്രവർത്തനക്ഷമമാണെന്ന് ഉറപ്പ് വരുത്തി ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയ കുടിവെള്ള പദ്ധതികൾക്കുള്ള അറ്റകുറ്റ ചെലവുകൾ സമിതികൾ വഹിക്കേണ്ടതാണ്.

പ്രസ്തുത ചെലവുകൾ പഞ്ചായത്ത് നിർവ്വഹിക്കേണ്ടതില്ല.

നിർദ്ദേശങ്ങൾക്കുള്ള തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിശദവിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-23 കുടുംബശ്രീയുടെ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്ന പദ്ധതിതുകകൾ തിരിച്ചടക്കണം

കുടുംബശ്രീയുടെ തനത് ഫണ്ടിനായുള്ള ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നം. 10578282233-എസ് ബി ഐ മുതല) 2018-19 വർഷം അവസാനിക്കുമ്പോൾ 1546474 രൂപ അവശേഷിക്കുന്നുണ്ട്. ഈ തുകയിൽ വിവിധ പദ്ധതികൾക്കായി ഗ്രാമപഞ്ചായത്ത്, ജില്ലാപഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നും ലഭിച്ച പദ്ധതിതുകകൾ ഉൾപ്പെടുന്നുണ്ട്. കുടുംബശ്രീ ചാർജ് ഓഫീസർ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം മറ്റ് സ്ഥാപനങ്ങളിൽ നിന്ന് വിവിധ പദ്ധതികൾക്കായി ലഭ്യമായ തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകളുടെ വിവരം താഴെ പറയും പ്രകാരമാണ്

| പദ്ധതിയുടെ വിവരം | തുക ലഭ്യമായ വർഷം | ലഭ്യമായ തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|
| എസ് സി എ ഇൻഫ്രാസ്ട്രക്ചർ | 2005 | 80975 | 72398 | 8577 |
| എസ് സി എ ട്രെയിനിംഗ് | 2004 | 48585 | 31382 | 17203 |
| എസ് സി എ മൈക്രോ എന്റർപ്രൈസസ് | 2005 | 194340 | 170000 | 24340 |
| ജില്ലാപഞ്ചായത്ത് ആശ്രയഭവനം | 2005 | 50000 | - | 50000 |
| ജില്ലാപഞ്ചായത്ത് സ്ഥലം വാങ്ങൽ | 2005 | 97500 | 19500 | 78000 |
| ജില്ലാപഞ്ചായത്ത്-സംയുക്ത ഭവനം | 2006 | 100000 | 53000 | 47000 |
| ഗ്രാമപഞ്ചായത്ത് ആശ്രയ ജനറൽ | 2006 | 100000 | 78000 | 22000 |
| ഗ്രാമപഞ്ചായത്ത് ആശ്രയ എസ് സി | 2007 | 53300 | - | 53300 |
| ഗ്രാമപഞ്ചായത്ത് ആശ്രയ | 2008 | 50000 | - | 50000 |
| ഗ്രാമപഞ്ചായത്ത് ആശ്രയ വീട് റിപ്പയർ ജനറൽ | 2006 | 100000 | 93000 | 7000 |
| ഗ്രാമപഞ്ചായത്ത് ആശ്രയ-കക്കൂസ് | 2008 | 10000 | 2000 | 8000 |
| ഭവനശ്രീ സബ്സിഡി | 2006 | 100000 | - | 100000 |
| ഗ്രാമപഞ്ചായത്ത് -അങ്കണവാടി കോഴിമുട്ടവിതരണം | 2004 | 10788 | 9240 | 1548 |

മേൽപ്പറഞ്ഞ വിവരങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിൽനിന്നും ലഭ്യമായ പ്ലാൻ ഫണ്ട് 241848 രൂപയും ജില്ലാ പഞ്ചായത്തിൽനിന്നുള്ള വിഹിതം 175000 രൂപയും എസ് സി എ ഫണ്ട് 50120 രൂപയുമാണ് . മുൻവർഷങ്ങളിലെ പദ്ധതികൽ ഇനി നടപ്പിലാക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ തുക അതാത് ശീർഷകങ്ങളിൽ തിരിച്ചടക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.6/17.11.2020)

1-24 സൌജന്യ പി.എസ്.സി. കോച്ചിംഗ്- അപാകങ്ങൾ
പ്രോജക്ട് നമ്പർ -36/2018-19

പ്രോജക്ട് - സൌജന്യ പി.എസ്.സി. കോച്ചിംഗ്

അടങ്കൽ -10000 /- തനത് ഫണ്ട്

ചെലവ് - 6800/- തനത് ഫണ്ട്

ചെക്ക് നമ്പർ -049769/18-01-2019 (കാഷ് ബുക്ക് പേജ് 7)
നിർവ്വഹണം- എച്ച.എം. ജി. എൽ.പി.എസ്

22.12.201 , 23.12.2018 എന്നീ തീയതികളിൽ ഗ്രാമ പഞ്ചായത്തിൽ വച്ച് സൌജന്യ പി.എസ്.സി കോച്ചിംങ് നൽകുന്നതിന് വേണ്ടി തനത് ഫണ്ടിൽ നിന്നും മേൽ കാണിച്ച് ചെക്ക് പ്രകാരം 6800 രൂപ ശ്രീ. മുഹമ്മദലി എന്ന വ്യക്തിക്ക് നൽകിയിരിക്കുന്നു. ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ചെലവിനം | ചെലവഴിച്ച തുക |
|---|---|---|
| 1 | ചായ ലഘുഭക്ഷണം | 400 |
| 2 | മൈക്ക്സെറ്റ്, ജനറേറ്റർ | 1800 |
| 3 | അനൌൺസ്മെന്റ് ചാർജ് | 700 |
| 4 | ട്യൂട്ടർ ചാർജ് | 3500 |
| 5 | നോട്ടീസ് പ്രിന്റിംഗ് | 400 |
| | ആകെ | 6800 |

ഭരണസമിതി തീരുമാനം 5(14)/11-01-2019 പ്രകാരം എച്ച്.എമ്മിനെ നിർവ്വഹണം നടത്താൻ ചുമതലപ്പെടുത്തിയ മേൽ പദ്ധതിയിൽ 2 ദിവസത്തെ കോച്ചിംങിൽ പങ്കെടുത്തവരുടെ വിവരം ലഭ്യമല്ല. 12/19-11-2020 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

പഠനം തുടർ പ്രക്രിയയായി ആവർത്തിക്കുമ്പോഴെ അതിന്റെ ലക്ഷ്യം കൈവരിക്കുകയുള്ളൂ. തനത് വരുമാനം കുറവുള്ള പഞ്ചായത്തായതിനാൽ പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിധേയമായി ലക്ഷ്യ പ്രാപ്തി കൈവരിക്കുമെന്ന് ഉറപ്പുള്ള പ്രോജക്ടുകൾ തിരഞ്ഞെടുക്കുവാൻ ഭരണ സമിതി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-25 ഹരിതകർമ്മസേനക്ക് ഗ്യാപ്പ് ഫണ്ട് നൽകൽ-ഖരമാലിന്യസംസ്കരണം കാര്യക്ഷമമാക്കേണ്ടതാണ് നിർവ്വഹണം -വി ഇ ഒ

മാലിന്യ സംസ്കരണപദ്ധതിക്കായി രൂപീകരിച്ചിട്ടുള്ള ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് എന്ന പേരിൽ പദ്ധതി (പ്രൊജക്ട് നം.23/19) ആവിഷ്കരിച്ച് 479570 രൂപ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഹരിതകർമ്മസേനയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങൾ, യൂണിഫോം, വാഹനവാടക, ആയുധങ്ങൾ അനുബന്ധ സാമഗ്രികൾ, തൊഴിലാളികളുടെ വേതനം എന്നിവക്കായാണ് തുക ചെലവഴിച്ചിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലെ വീടുകളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി 30 അംഗങ്ങളുള്ള ഹരിത കർമ്മ സേന പ്രവർത്തിച്ചു വരുന്നു. പ്ലാസ്റ്റിക് കളക്ഷൻ നടത്തി ആയത് വേർതിരിക്കുന്ന പ്രവർത്തനമാണ് ഹരിത കർമ്മ സേന നടത്തിവരുന്നത്. ശേഖരിക്കുന്ന മാലിന്യങ്ങൾ രണ്ടാം വാർഡിലുള്ള എം സി എഫ് കെട്ടിടത്തിലാണ് സൂക്ഷിക്കുന്നത്. ഹരിത കർമ്മ സേനയുടെ പ്രവർത്തനത്തിനായി താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ബിൽ നം. | തുക |
|---|---|
| 17/27.6.18 | 45000 |
| 18/26.7.18 | 50000 |
| 29/13.9.18 | 50000 |
| 44/24.10.18 | 50000 |
| 47/19.11.18 | 70000 |
| 54/21.12.18 | 75000 |
| 63/7.2.19 | 73270 |

ഗ്രാമപഞ്ചായത്ത് ഷ്രെഡിംഗ് മെഷീൻ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിക്ക് തുക നൽകി ഒഴിവാക്കുകയാണ് ചെയ്യുന്നത്. മുൻവർഷത്തിലും ഇതു പോലെ ശേഖരിച്ച മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനായി ഇക്കോഗ്രീൻ എന്ന ഏജൻസിക്ക് തുക നൽകുകയാണുണ്ടായത്. 2017-18 വർഷത്തിൽ നടപ്പിലാക്കിയ പദ്ധതിയുടെ ബാക്കി തുക അനുവദിക്കുന്നതിനായി സ്പിൽഓവർ പദ്ധതിയായി 'ക്ലീൻ മുതല' എന്ന പദ്ധതി (പ്രൊജക്ട് നം.214/19) ആവിഷ്കരിച്ച് 2018-19 വർഷത്തിൽ 100000 രൂപ ചെലവഴിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിൽ ശേഖരിച്ച മാലിന്യങ്ങൾ കൊണ്ടുപോയതിന് ഇക്കോഗ്രീൻ എന്ന സ്ഥാപനത്തിന് നൽകാനുണ്ടായിരുന്ന തുകയാണ് നൽകിയിട്ടുള്ളത്.

2018-19 വർഷത്തിൽ ശേഖരിച്ച മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനായി അടുത്ത സാമ്പത്തിക വർഷത്തിലാണ് തുക ചെലവഴിച്ചിട്ടുള്ളത്. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി 2018-19 വർഷത്തിൽ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല.

പ്ലാസ്റ്റിക് കളക്ട് ചെയ്യുന്നതിന് വീടുകളിൽ നിന്ന് 30 രൂപ പ്രകാരവും വാണിജ്യ സ്ഥാപനങ്ങളിൽ നിന്ന് 50 രൂപ പ്രകാരവുമാണ് യൂസേഴ്സ് ഫീസ് നിശ്ചയിച്ചിട്ടുള്ളത്. 2018-19 വർഷത്തിൽ യൂസർഫീസിനത്തിൽ ആകെ 122630 രൂപയാണ് വരവ് വന്നിട്ടുള്ളത്.

<u>ഓഡിറ്റ് നിർദ്ദേശം</u>

എ)പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ സഥാപിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ഷ്രഡിംഗ് നടത്തി വിൽപ്പന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി)എല്ലാ ഗാർഹികകെട്ടിടങ്ങളിൽനിന്നും കൊമേർസ്യൽ സ്ഥാപനങ്ങളിൽ നിന്നും യൂസേഴ്സ് ഫീസ് പിരിച്ചെടുത്താൽ മാത്രമേ ഹരിതകർമ്മസേനയുടെ പ്രവർത്തനം സുഗമമായ രീതിയിൽ തുടർന്നുപോകാൻ കഴിയുകയുള്ളൂ എന്നതിനാൽ എല്ലാ വീടുകളിൽനിന്നും വ്യാവസായിക സ്ഥാപനങ്ങളിൽനിന്നും യൂസേഴ്സ് ഫീസ് പിരിച്ചെടുക്കുന്നതിനുള്ള ശ്രമം ഉണ്ടാവേണ്ടതാണ്. തുക പിരിച്ചെടുക്കുന്നതിന് ഉപയോഗിച്ചിട്ടുള്ള രസീതികൾ, കളക്ഷൻ രജിസ്റ്ററുകൾ, ഹരിതകർമസേനയുടെ കാഷ് ബുക്ക് എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

സി) ഗ്യാപ്പ് ഫണ്ട് നൽകുന്നത് അവസാനിച്ചാൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം നിലച്ചുപോകാനുള്ള സാധ്യത മുൻകൂട്ടി കണ്ട് 15 വാർഡുകൾക്കായി 30 ഹരിതകർമ്മസേനാംഗങ്ങളെ നിയമിച്ചിട്ടുള്ള നിലവിലെ എണ്ണം കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-26 കമ്പ്യൂട്ടർ വാങ്ങൽ- പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല
പ്രോജക്റ്റ് നമ്പർ -43/2018-19

പ്രോജക്റ്റ് - മുതുതല പ്രാഥമിക ആരോഗ്യകേന്ദ്രത്തിനും, ഉപ കേന്ദ്രങ്ങൾക്കും കമ്പ്യൂട്ടർ വാങ്ങൽ

അടങ്കൽ -150000 (MGNR)

ചെലവ് - 149300 (MGNR)

നിർവ്വഹണം -മെഡിക്കൽ ഓഫീസർ പി.എച്ച്.സി

2018-19 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി ) നിർവ്വഹണം നടത്തിയ മേൽ പദ്ധതിയിൽ മുതുതല പ്രാഥമിക ആരോഗ്യകേന്ദ്രത്തിനും, ഉപ കേന്ദ്രങ്ങൾക്കും

മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഉപയോഗിച്ച് ലോജിക്ക് കമ്പ്യൂട്ടേർസ് കൊപ്പം എന്ന സ്ഥാപനത്തിൽ നിന്നും കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടുണ്ട്. ഇൻവോയ്സ് നമ്പർ LGQKPM67/ 21-12-2018 പ്രകാരം ഒരു കമ്പ്യൂട്ടറിന് 35600 രൂപ വീതം 4 കമ്പ്യൂട്ടറുകളുടെ വാങ്ങൽ നടത്തിയിട്ടുണ്ട്. എന്നാൽ ഇവ സ്റ്റോക്ക് രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല.

ഫിനാൻസ് (ഇൻഫർമേഷൻ ടെക്നോളജി) വകുപ്പിന്റെ 24.09.2010 ലെ സർക്കുലർ നമ്പർ 86/2010/ഫിൻ പ്രകാരം ലാപ്ടോപ്പുകളുടെ സ്റ്റോക്ക്-വിതരണ രജിസ്റ്ററിൽ machine id number സഹിതം സ്പെസിഫിക്കേഷൻസ് രേഖപ്പെടുത്തി നിശ്ചിത ഫോർമാറ്റിൽ സൂക്ഷിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം.13/19-11-2020)

ഓഡിറ്റ് നിർദേശങ്ങൾ

കമ്പ്യൂട്ടറുകൾ പർച്ചേസ് നടത്തിയവ പ്രത്യേകം സ്റ്റോക്കിലെടുത്ത് Machine ID നമ്പർ, സ്പെസിഫിക്കേഷൻസ് എന്നിവ എഴുതി സൂക്ഷിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഭാവിയിലെ കംപ്യൂട്ടർ അറ്റകുറ്റ പണികളിൽ വൈഷമങ്ങൾ നേരിടാനിടയുണ്ട്. വരും സാമ്പത്തിക വർഷങ്ങളിൽ ഇത് ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-27 ഗവ.എൽ. പി. സ്കൂളുകൾക്ക് ഫർണീച്ചർ - വിവിധ സ്കൂളുകൾക്ക് വിതരണം ചെയ്ത രേഖകൾ ലഭ്യമല്ല
1) പ്രോജക്റ്റ് നമ്പർ -17/2018-19

പ്രോജക്റ്റ് - ഗവ.എൽ. പി. സ്കൂളുകൾക്ക് ഫർണീച്ചർ

അടങ്കൽ -150000 (MGNR)

ചെലവ് - 150000 (MGNR)

ബിൽനമ്പർ - 5/18-19/22-1-2019

2018-19 സാമ്പത്തിക വർഷത്തിൽ ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ മേൽ പദ്ധതിയിൽ ഗവ.എൽ. പി. സ്കൂളുകൾക്ക് ഫർണീച്ചറുകൾ (അലമാര, ചെയർ ടേബിൾ) ടെണ്ടർ നടപടിയിലൂടെ വാങ്ങൽ നടത്തിയിട്ടുണ്ട്. ലഭ്യമായ 4 ടെണ്ടറുകളിൽ ഇംപാക്ട് എൻടർപ്രൈസസ് ആലിപ്പറമ്പ്, മലപ്പുറം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുന്നതിന് മുന്നോടിയായി ലഭിച്ച ടെണ്ടറുകളുടെ കംപാരിറ്റീവ് ടേബുലേഷൻ തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.
5-11-2018 ലെ 1(4) നമ്പർ ഭരണസമിതി തീരുമാനം പ്രകാരം അംഗീകരിച്ച സ്ഥാപനവുമായി കരാർ ചമയ്ക്കുവാൻ 200 രൂപയുടെ മുദ്ര പത്രം വാങ്ങി സൂക്ഷിച്ചിട്ടുണ്ടെങ്കിലും, ആയതിലെ വ്യവസ്ഥകളൊന്നും രേഖപ്പെടുത്തിയിട്ടില്ല.

ടാക്സ് ഇൻവോയ്സ് നമ്പർ 032/16/1/2019 പ്രകാരം 150000 രൂപ ചെലവിൽ അലമാര, ചെയർ ടേബിൾ എന്നിവ 10എണ്ണം വീതം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും, ആയത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ, പഞ്ചായത്ത് പരിധിയിലുള്ള വിവിധ സ്കൂളുകൾക്ക് വിതരണം ചെയ്തതായോയുള്ള രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. 12/19-11-2020 നമ്പർ ഓഡിറ്റ് അന്വേഷണം പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിനു മറുപടി ലഭ്യമാക്കിയിട്ടില്ല.
ഓഡിറ്റ് നിർദ്ദേശങ്ങൾ
1. പുരോഗതിക്കനുസരിച്ച് പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാ രേഖകളും കൃത്യമായി ഫയൽ ചെയ്ത് സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
2. പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ട് എന്ന് ഉറപ്പാക്കാനാവശ്യമായ വിവിധ വാങ്ങലുകളുമായി ബന്ധപ്പെട്ട വിതരണ സ്റ്റേറ്റ്മെന്റ്, കൈപ്പറ്റ് രസീതി എന്നിവ കൃത്യമാക്കി ഫയൽ ചെയ്യേണ്ടതാണ്.
3. വാങ്ങിയ ഫർണീച്ചറുകളുടെ വിതരണ സ്റ്റേറ്റ് മെന്റ് ലഭ്യമാക്കുന്നത് വരെ 150000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-28 എസ്.സി.വിദ്യാർത്ഥികൾക്ക് പഠനോപകരണം -
പ്രോജക്ട് നമ്പർ -51/2018-19

പ്രോജക്ട് - എസ്.സി.വിദ്യാർത്ഥികൾക്ക് പഠനോപകരണം

അടങ്കൽ -885000 പ്ലാൻ (എസ്.സി.പി)

ചെലവ് - 861282 പ്ലാൻ (എസ്.സി.പി)

നിർവ്വഹണം- എച്ച്. എം. ജി.എൽ.പി.എസ്. പെരുമുടിയൂർ

മേൽ പദ്ധതിയിൽ ഇ- ടെണ്ടർ നടപടിയിലൂടെ വാങ്ങൽ നടത്തിയിട്ടുണ്ടെങ്കിലും. ലഭ്യമായ ആകെ ടെണ്ടറുകളുടെ എണ്ണം, അവ തമ്മിൽ ഒത്തുനോക്കിയ കംപാരറ്റീവ് ടേബുലേഷൻ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആർട്കോ ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത്

| ഇൻവോയ്സ് നമ്പർ | വാങ്ങിയ സാധനങ്ങൾ | എണ്ണം | ബിൽ നമ്പർ | ചെലവ് |
|---|---|---|---|---|
| 269/21-3-2019 | സ്റ്റീൽ ടേബിൾ | 100 | 8/18-19 /27.3.2019 | 483700 |
| | സ്റ്റീൽ ചെയർ | 100 | | |

| | | | | |
|---|---|---|---|---|
| 295/21-3-2019 | സ്റ്റീൽ ടേബിൾ | 77 | 6/18-19 /21.3.2019 | 377582 |
| | സ്റ്റീൽ ചെയർ | 77 | | |
| | | | ആകെ | 861282 |

861282 രൂപ ചെലവിൽ സ്റ്റീൽ ടേബിളുകൾ, സ്റ്റീൽ ചെയറുകൾ എന്നിവ 177 എണ്ണം വീതം വാങ്ങിയിട്ടുണ്ട്. ആയത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. സ്കൂൾ അധികൃതർ നൽകുന്ന എസ്.സി വിദ്യാർത്ഥികളുടെ ലിസ്റ്റ് പ്രകാരമാണ് സാധനങ്ങൾ വിതരണം നടത്തേണ്ടത്. എന്നാൽ അപ്രകാരമുള്ള ലിസ്റ്റ് തയ്യാറാക്കി ഫയൽ ചെയ്യുകയോ വിതരണം നടത്തിയതായോയുള്ള വിവരങ്ങൾ ലഭ്യമല്ല.
. 12/19-11-2020 നമ്പർ ഓഡിറ്റ് അന്വേഷണം പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിനു മറുപടി ലഭ്യമാക്കിയിട്ടില്ല.
ഓഡിറ്റ് നിർദ്ദേശങ്ങൾ
1. പുരോഗതിക്കനുസരിച്ച് പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാ രേഖകളും കൃത്യമായി ഫയൽ ചെയ്ത് സൂക്ഷിക്കേണ്ടതാണ്.
2. പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ട് എന്ന് ഉറപ്പാക്കാനാവശ്യമായ വിവിധ വാങ്ങലുകളുമായി ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്റർ, വിതരണ സ്റ്റേറ്റ്മെന്റ്,കൈപ്പറ്റു രസീതി എന്നിവ കൃത്യമാക്കി ഫയൽ ചെയ്യേണ്ടതാണ്.
3. വാങ്ങിയ ഫർണീച്ചറുകളുടെ വിതരണ സ്റ്റേറ്റ് മെന്റ് ലഭ്യമാക്കുന്നത് വരെ 8,61,282 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-29 പച്ചക്കറികൃഷിക്ക് കൂലിച്ചെലവ് നൽകൽ - രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു.
നിർവ്വഹണം- കൃഷി ഓഫീസർ

പച്ചക്കറികൃഷി ചെയ്യുന്ന കർഷകർക്ക് അവർ കൃഷിചെയ്യുന്ന വിസ്തൃതിക്ക് ആനുപാതികമായി കൂലിച്ചെലവ് നൽകുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. താഴെപ്പറയുന്ന രണ്ട് പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്

1)പച്ചക്കറികൃഷിക്ക് കൂലിച്ചെലവ് -വനിത (പ്രൊജക്ട് നം.383/19)

ബിൽ നം. 11/22.3.2019 പ്രകാരം 22100

2)പച്ചക്കറികൃഷിക്ക് കൂലിച്ചെലവ് (പ്രാജകട് നം. 54/19)

ബിൽ നം. 12/22.3.2019 പ്രകാരം 8000

മേൽപ്പറഞ്ഞ ബില്ലുകൾ പ്രകാരം തുക പിൻവലിച്ച് 5 ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. സബ്സിഡി മാർഗരേഖ സ.ഉ (കൈ) 22/2018/തസ്വഭവ, തീയതി-14.2.2018 പ്രകാരം കൂലിച്ചെലവ് നൽകുന്നതിനു മുമ്പ് പച്ചക്കറികൃഷിചെയ്തിട്ടുണ്ടെന്ന് കൃഷി ഓഫീസർ ഉറപ്പുവരുത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.

കർഷകരുടെ അപേക്ഷ, അർഹതാരേഖകൾ പച്ചക്കറികൃഷി ചെയ്തിട്ടുണ്ടെന്ന് നിർവഹണോദ്യഗസ്ഥൻ പരിശോധിച്ച് ഉറപ്പുവരുത്തിയതിന്റെ രേഖകൾ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവയുടെ അഭാവത്തിൽ ചെലവ് തുക 30100 രൂപ തടസ്സത്തിൽവെയ്ക്കുന്നു. രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/17.11.2020)മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല.

1-30 ജൈവവളവിതരണപദ്ധതികൾ- വളം വാങ്ങിയിട്ടുണ്ടെന്ന് ഉറപ്പുവരുത്താതെ തുക അനുവദിച്ചു
നിർവ്വഹണം-കൃഷി ഓഫീസർ

1)തെങ്ങ്കൃഷിക്ക് ജൈവവളവിതരണം

പ്രൊജക്റ്റ് നം.53/19

അടങ്കൽ-300000(വികസനഫണ്ട്-225000, ഗുണഭോക്തൃവിഹിതം-75000)

ട്രഷറി ബിൽ 10/22.3.19 പ്രകാരം 72273 രൂപ കർഷകരുടെ അക്കൗണ്ടിലേക്ക് നൽകുന്നതിനുള്ള സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിരിക്കുന്നു. 19 പേരുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് തുക അനുവദിച്ചിട്ടുള്ളത്. കർഷകരുടെ അപേക്ഷയുൾപ്പെടെയുള്ള അർഹതാരേഖകൾ, എത്ര തെങ്ങുകൾ ഉണ്ടെന്ന് സാക്ഷ്യപ്പെടുത്തിയതിന്റെ രേഖകൾ, ജൈവവളം വാങ്ങിയതിന്റെ രേഖകൾ എന്നിവയൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2) നെൽകൃഷിക്ക് ജൈവവളവിതരണം

പ്രൊജക്റ്റ് നം.332/19)

അടങ്കൽ-140440(വികസനഫണ്ട്-70440,ഗുണഭോക്തൃവിഹിതം-70000)

ഈ പദ്ധതിക്കായി വികസനഫണ്ടിൽ നിന്നും ബിൽനം.9/22.3.2019 പ്രകാരം 70440 രൂപ 25കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. കർഷകരുടെ അപേക്ഷയുൾപ്പെടെയുള്ള അർഹതാരേഖകൾ, ജൈവവളം വാങ്ങിയതിന്റെ രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല.

രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/17.11.2020)മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. മേൽപ്പറഞ്ഞ രണ്ട് പദ്ധതികളുടെ രേഖകളുടെ അഭാവത്തിൽ ചെലവുതുക 142713 (72273+70440) രൂപ തടസ്സപ്പെടുത്തുന്നു.

1-31 നെൽകൃഷിവികസന പദ്ധതി-രേഖകൾ ഹാജരാക്കിയില്ല. തുക തടസ്സപ്പെടുത്തുന്നു
പ്രൊജക്റ്റ് നം.44/19-നെൽകൃഷിവികസനം

നിർവ്വഹണം- കൃഷി ഓഫീസർ

അടങ്കൽ-3202000

ചെലവ്-2641371

ഈ പദ്ധതി പ്രകാരം നെൽകൃഷി ചെയ്യുന്ന കർഷകർക്ക് അവർ കൃഷി ചെയ്യുന്ന വിസ്തൃതിക്ക് ആനുപാതികമായി നെൽവിത്ത്, ജൈവവളം, ഉഴവുകൂലി എന്നിവ നൽകുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഈ പദ്ധതിയുടെ ചെലവ് രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

എ)നെൽവിത്തുകളുടെ വിതരണരേഖകൾ ലഭ്യമല്ല

താഴെപ്പറയുന്ന ബില്ലുകൾ പ്രകാരം നെൽവിത്തുകൾ വാങ്ങിയതിന് തുക ചെലവഴിച്ചിട്ടുണ്ട്. വാങ്ങിയ നെൽവിത്തുകളിൽ 750 കി.ഗ്രാം ഉമ നെൽവിത്ത് കർഷകർക്ക് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. കി.ഗ്രാമിന് 40 രൂപ പ്രകാരമാണ് നെൽവിത്തിന് ഗ്രാമപഞ്ചായത്ത് വിഹിതമായി നൽകിയിട്ടുള്ളത്. ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ബിൽ നം. | തുക | വിത്ത് വാങ്ങിയ സ്ഥാപനം | ഇൻവോയ്സ് നം. | ഇനം/ കി.ഗ്രാം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1/11.9.2018 | 55800 | റീജിയണൽ അഗ്രിക്കൾച്ചറൽ റിസർച്ച് സെന്റർ | 59/18-19,25.6.2018 | ഉമ-750<br>ജ്യോതി-1110 |

വിത്തിന്റെ വിതരണ രേഖകൾ ഹാജരാക്കുന്നതിനുവിധേയമായി ഇതിനായി ചെലവഴിച്ച തുക 30000 രൂപ (750*40) തടസ്സത്തിൽ വെയ്ക്കുന്നു.

ബി)ചെലവ് രേഖകൾ ലഭ്യമാക്കിയില്ല

ട്രഷറി ബിൽനം. 4/11.10.2018 പ്രകാരം പിൻവലിച്ച 3200 രൂപ കസ്തൂരി, ജെ എൽ ജി ഗ്രൂപ്പിന്റെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം.57090201001O147)നൽകിയിട്ടുണ്ട്. ചെണ്ടുമല്ലി ചെടികൾക്കുള്ള തുകയാണെന്നാണ് ട്രഷറിബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ചെണ്ടുമല്ലിച്ചെടികൾ വാങ്ങിയതിന്റെ ഇൻവോയിസ്, സ്റ്റോക്കിൽ രേഖപ്പെടുത്തിയതിന്റെ രേഖകൾ, ചെടി വിതരണം ചെയ്തതിന്റെ രേഖകൾ എന്നിവയൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ചെലവ് രേഖകൾ ലഭ്യമാക്കാത്തതിനാൽ ഈയിനത്തിൽ നൽകിയ 3200 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/17.11.2020)മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല.

1-32 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - പ്രവൃത്തികൾ പൂർത്തീകരണം അവലോകനം

2018-19 സാമ്പത്തിക വർഷത്തിൽ തൊഴിലുറപ്പ് നിയമങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ആസൂത്രണം ചെയ്ത പ്രവൃത്തികൾ | പൂർത്തീകരിച്ച പ്രവൃത്തികളുടെ എണ്ണം | പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ എണ്ണം |
|---|---|---|
| 425 | 4 | 421 |

ആകെ ഏറ്റെടുത്ത പ്രവൃത്തികളിൽ 0.9 % മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. പ്രവൃത്തികളുടെയും, അവ നടപ്പിലാക്കിയ വിവിധ മേഖലകളുടെയും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | എണ്ണം |
|---|---|---|
| 1 | മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾ | 25 |
| 2 | വരൾച്ച തടയാൻ മരം വച്ച് പിടിക്കൽ | 5 |
| 3 | കനാലുകളുടെയും, തോടുകളുടെയും പരിപാലനവും, പുനരുദ്ധാരണവും | 22 |
| 4 | എസ്.സി/എസ്.ടി /ബി.പി.എൽ വ്യക്തിഗത ഗുണഭോക്താക്കളുടെ | 175 |

| | | |
|---|---|---|
| | ആസ്തികൾ | |
| 5 | പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണം | 12 |
| 6 | ഭൂവികസന പ്രവർത്തനങ്ങൽ | 55 |
| 7 | വെള്ളക്കെട്ട് ഒഴിവാക്കൽ | 46 |
| 8 | ഗ്രാമീണ റോഡുകൾ | 8 |
| 9 | പി.എം.എ.വൈ/ ഐ.എ.വൈ | 75 |
| | ആകെ | 425 |

പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പ്രവർത്തികൾ, വ്യക്തിഗത ഗുണഭോക്താക്കളുടെ ആസ്തി സൃഷ്ടിക്കൽ, തരിശ് ഭൂമി ഒരുക്കൽ, റോഡുകൾ എന്നീ മേഖലകളിലെ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട് എങ്കിലും അവ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല.

| 2017-18 ൽ രജിസ്റ്റർ ചെയ്തവർ | 2018-19 ൽ രജിസ്റ്റർ ചെയ്തവർ |
|---|---|
| 3317 | 3447 |

തൊഴിലുറപ്പ് പദ്ധതിയിൽ ടി വർഷത്തിൽ 3447 പേരാണ് ആകെ രജിസ്റ്റർചെയ്തിരുന്നത്. മുൻ വർഷത്തെ അപേക്ഷിച്ച് രജിസ്റ്റർ ചെയ്തവരുടെ എണ്ണത്തിൽ 130 പേർ അധികം രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. അതിൽ 443 പേർ 100 മനുഷ്യ ദിനങ്ങളിൽ പ്രവൃത്തിച്ചിട്ടുണ്ടെങ്കിലും മേൽ പ്രവത്തികളുടെ പൂർത്തീകരണത്തിൽ കാര്യമായ പരോഗതിയുണ്ടായിട്ടില്ല.

15/19-11-2020 നമ്പർ ഓഡിറ്റ് അന്വേഷണത്തിനു ലഭ്യമാക്കിയ മറുപടിയിൽ ടി സാമ്പത്തിക വർഷത്തിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾ ജോലിക്ക് വരാത്തതിനാലും, മെറ്റീരിയൽ വർക്കുകൾക്ക് മെറ്റീറിയൽ ഫണ്ട് ലഭിക്കാത്തതിനാലും പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിച്ചില്ലെന്നും, ഭവന നിർമ്മാണ പ്രവൃത്തികളിൽ കാര്യമായ പുരോഗതി ഉണ്ടാകാത്തതിനാലും 73 ഐ.എ.വൈ ഭവനനിർമമാണവും പൂർത്തീകരിക്കാനായില്ലെന്നും, 2019-20 ൽ മേൽ പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കി.

ആയത് പരിശോധിച്ചതിൽ പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പ്രവൃത്തികളിൽ കിണർ നിർമ്മാണം, കിണർ റീചാർജ്ജിംഗ്

കനാലുകളുടെയും, തോടുകളുടെയും പരിപാലനവും, പുനരുദ്ധാരണവും എന്നീ പ്രവൃത്തികൾ നല്ല രീതിയിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഏറ്റെടുത്ത 25 പേരും കിണർ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. പ്രവൃത്തികൾ അതാത് വർഷത്തിൽ പൂർത്തീകരിക്കാനാവശ്യമായ നടപടികൾ കൈകൊള്ളേണ്ടതാണ്.

2. ജല സംരക്ഷണത്തിന്റെ ഭാഗമായി കിണർ റീചാർജ്ജിംഗ് നടത്തുന്നതോടൊപ്പം, കുഴൽ കിണർ റീ-ചാർജ്ജിംഗ് പ്രവൃത്തികളുടെയും സാങ്കേതിക സാധ്യതയെ കുറിച്ച് ചർച്ച നടത്തി ഏറ്റെടുത്ത് നടത്തുവാൻ ശ്രമിക്കാവുന്നതാണ്.

1-33 ചെറുകിട കുടിവെള്ള പദ്ധതികളിൽ നിന്നുള്ള പൈപ്പ് ലൈൻ നീട്ടൽ യീൽഡ് ടെസ്റ്റ് നിർബ്ബന്ധമാക്കണം.

ചെറുകിട കുടിവെള്ള പദ്ധതികളിൽ നിന്നുള്ള പൈപ്പ് ലൈൻ നീട്ടൽപ്രവൃർത്തികളുടെ നിർവ്വഹണത്തിന് മുന്നോടിയായി യീൽഡ് ടെസ്റ്റ് നിർബ്ബന്ധമായും പാലിച്ച് ജലലഭ്യത ഉറപ്പുവരുത്തി പൈപ്പ് ലൈൻ നീട്ടൽ പ്രവർത്തികൾ നിർവ്വഹണം നടത്തുവാൻ തയ്യാറാകണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു. പലസ്ഥലങ്ങളിലും പൈപ്പ് ലൈൻ നീട്ടൽ പ്രവർത്തികൾക്ക് ശേഷം ആവശ്യാനുസരണം വെള്ളം ലഭ്യമാകാത്ത സാഹചര്യങ്ങളിൽ കുടിവെള്ള പദ്ധതികൾ നിന്നുപോകുന്ന സാഹചര്യം കണ്ടുവരുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്.

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 2523123 | ലൈഫ് ഭവന പദ്ധതി | 1250000 | 1273123 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 500000 | സ്കോളർഷിപ്പ് | 500000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 270000 | പാൽ സബ്സിഡി | 270000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 2018-19 | 251360 | ലൈഫ് ഭവന പദ്ധതി | 240000 | 11360 |
| ബ്ളോക്ക് പഞ്ചായത്ത് | 2018-19 | 375000 | ഉഴവുകൂലി | 375000 | 0 |

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നുമില്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| -- | -- | 5220000/- | -- | -- | -- | 5220000/- |

4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 129591 |
| തൻവർഷം നിക്ഷേപിച്ച തുക | 11015 |
| ആകെ | 140606 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 140606 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര് ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ് | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | പട്ടാമ്പി സർവ്വീസ് സഹകരണബാങ്ക് മുതുതല ബ്രാഞ്ച്. | 27-12-2018 | ഒരു വർഷം | 140606 | --- |
| ആകെ | | | | 140606 | |

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2009-10,2010-11 | | 3000 | കെ.ടി.ഗോപി | 118190900016<br>(14.6.2018) |
| 2015-16, 2016-17 | 2-3(4) 2015-16 &<br>2-1,<br>2016-17 | 5000 | ഉദയഭാനു, വി 4കോർപ്പറേഷൻ | 118090100164<br>118090100165<br>(11.4.2018) |
| 1997-98 | 30 | 600 | എച്ച്.എം- പെരമുടിയൂർ | 18090104455<br>(19.12.2018) |
| 1997-98 | 30 | 180 | ഡോ.ഇട്ടൂപ്പ്,പുലയ്ക്കൽ, എം.ഒ(ആയുർവ്വേദം) | 18090104326<br>(13.4.2018) |
| 1997-98 | 30 | 540 | എച്ച്.എം- എ.യു.പി മുതല | 18090105201<br>(8.2.2018) |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1999-00<br>27-എ,ബി, സി, ഡി | 2003-04<br>3.9.4 | മരാമത്ത് ടെന്റർ - അധിക തുക നൽകിയത് | ഖണ്ഡിക തീർപ്പാക്കിയിട്ടില്ല. |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 71426532 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 65366340 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1217295 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | ഇല്ല | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 150000 | മുഹമ്മദ് അലി, ഹെഡ്മാസ്റ്റർ,<br>ജി.എൽ.പി. സ്കൂൾ |
| 1-28 | 861282 | ടി |
| 1-29 | 30100 | രശ്മി.എം.ബി. കൃഷി ഓഫീസർ |
| 1-30 | 142713 | ടി |
| 1-31 എ | 30000 | ടി |
| 1-31 ബി | 3200 | ടി |
| | 1217295 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മുഹമ്മദ്അലി, ഹെഡ്മാസ്റ്റർ,<br>ജി.എൽ.പി.സ്കൂൾ | ഹെഡ്മാസ്റ്റർ,<br>ജി.എൽ.പി.സ്കൂൾ, പെരുമുടിയൂർ | കൊല്ലരുതൊടി വീട്, കുറവട്ടൂർപിഓ,വല്ലപ്പുഴ,പട്ടാമ്പി |
| രശ്മി.എം.ബി. കൃഷി ഓഫീസർ | കൃഷി ഓഫീസർ, കൃഷി ഭവൻ, മുതല | മാണിക്യപ്പൊറ്റ ഹൗസ്, അല്ലപ്ര പിഓ, പെരുമ്പാവൂർ, എറണാകുളം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡികകൾ |
|---|---|---|
| 1996-97 | ഓഡിറ്റ് അദാലത്ത് 1996-97 to 2006-07 dt.9.11.2018 | 5 |
| 1997-98 | -ടി- | 18 |
| 1998-99 | -ടി- | 3 |
| 1999-00 | -ടി- | 6 |
| 2000-01 | -ടി- | 4 |
| 2001-02 | -ടി- | 9 |
| 2002-03 | -ടി- | 5 |
| 2003-04 | -ടി- | 10 |
| 2004-05 | -ടി- | 8 |
| 2005-06 | -ടി- | 13 |
| 2006-07 | -ടി- | 19 |
| 2007-08 | എൽ.എഫ്.പി.13-116/13 dt.6.6.2014 | 15 |
| 2008-09 | എൽ.എഫ്.പി.13-978/2013 dt.5.2.2014 | 14 |
| 2009-10 | എൽ.എഫ്.പി.13-2449/14 dt. 10.3.2015 | 16 |
| 2010-11 | | |
| 2011-12 | കെ.എസ്.എ.പി.കെ.ഡി.13-642/2016 dt.19..2018 | 10 |
| 2012-13 | കെ.എസ്.എ.പി.കെ.ഡി.13-948/2016 dt.16.3.2018 | 13 |
| 2013-14<br>2014-15 | കെ.എസ്.എ.പി.കെ.ഡി.13-2015/16 dt.19.2.2018 | 7 |
| 2015-16 | കെ.എസ്.എ.പി.കെ.ഡി.13-105/2017 dt.24.1.2018 | 18 |
| 2016-17 | കെ.എസ്.എ.പി.കെ.ഡി.13-421/17 dt.24.1.2018 | 15 |

അവശേഷിക്കുന്ന തടസ്സവാദങ്ങൾ തീർപ്പാക്കുന്നതിന് അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

അനുബന്ധം-1

വാർഷികക്കണക്ക് സംക്ഷിപ്തം

| Muthuthala Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 3471125.00 |
| 140000000 | Fee & User Charges | I-4(b) | 340017.00 |
| 150000000 | Sale & Hire Charges | I-5(b) | 214870.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 123174911.00 |
| 170000000 | Income from Investments | I-7 | 11015.00 |
| 171000000 | Interest Earned | I-8 | 352213.00 |
| 180000000 | Other Income | I-9 | 3250.00 |
| | Total Income | | 127567401.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8960010.00 |
| 220000000 | Administrative Expenses | I-11(b) | 843383.00 |
| 230000000 | Operations & Maintenance | I-12(b) | 2666685.00 |
| 240000000 | Interest & Finance Charges | I-13 | 265.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 4507913.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 47408507.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1551609.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1219506.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan | I-14(d) | 41155020.00 |

| | | | |
|---|---|---|---|
| | Programme) | | |
| 255000000 | Maintenance Projects | I-14(e) | 6407545.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 319000.00 |
| 272000000 | Depreciation | I-17(a) | 170000.00 |
| | Total Expenditure | | 115209443.00 |
| | Gross Surplus/ Deficit of income over Expenditure | | 12357958.00 |
| 280000000 | Prior Period Item | I-18 | 9343.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 12348615.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

| Muthuthala Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 12251743.00 |
| Cash | Cash | RP-40(a) | 24002.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 740570.00 |
| 140000000 | Fees & User Charges | RP-4 | 271667.00 |
| 150000000 | Sale & Hire Charges | RP-5 | 214870.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 51010655.00 |
| 171000000 | Interest Earned | RP-9 | 352213.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 10323680.00 |
| 350000000 | Other Liabilities | RP-36 | 55952.00 |
| | Non Operating | | |
| 170000000 | Income from Investments | RP-8 | 11015.00 |
| 180000000 | Other Income | RP-10 | 3250.00 |
| 330000000 | Secured Loans | RP-32 | 5220000.00 |
| 340000000 | Deposits Received | RP-34 | 88943.00 |
| 350000000 | Other Liabilities | RP-36 | 176265.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2957452.00 |
| | Grand total | | 83702277.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3740108.00 |
| 220000000 | Administrative Expenses | RP-12 | 843383.00 |
| 230000000 | Operations & Maintenance | RP-13 | 2666685.00 |

| | | | |
|---|---|---|---|
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 4507913.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 26025731.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1551609.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 1219506.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 329520.00 |
| 255000000 | Maintenance Projects | RP-20 | 6407545.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 319000.00 |
| 280000000 | Prior Period item | RP-26 | 26316.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 495139.00 |
| 350000000 | Other Liabilities | RP-36 | 3387876.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 265.00 |
| 280000000 | Prior Period Item | RP-26 | -5600.00 |
| 340000000 | Deposits Received | RP-34 | 15375.00 |
| 350000000 | Other Liabilities | RP-36 | 1543449.00 |
| 410000000 | Fixed Assets | RP-38 | 11080169.00 |
| 412000000 | Capital work in Progress | RP-40 | 79749.00 |
| 460000000 | Loans, Advances and Deposits | RP-47 | 1132602.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 18279513.00 |
| Cash | Cash | RP-40(b) | 56424.00 |
| | Grand Total | | 83702277.00 |

| Muthuthala Grama Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 21287952.98 |
| 312000000 | Reserves | B-3 | 49222884.00 |
| | Total Reserve & Surplus | | 70510836.98 |

| | | | |
|---|---|---|---|
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 6027831.00 |
| | Total Grants, Contributions for Specific Purposes | | 6027831.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 5644050.00 |
| | Total Loans | | 5644050.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 240803.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 806153.02 |
| | Total Current Liabilities and Provisions | | 1046956.02 |
| | TOTAL LIABILITIES | | 83229674.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 60937189.00 |
| 411000000 | Accumulated Depreciation | B-11 | -2553943.00 |
| 412000000 | Capital Work in Progress | B-11(a) | 79749.00 |
| | Total Fixed Assets | | 58462995.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 179140.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | -31250.00 |
| 440000000 | Pre-paid Expenses | B-16 | 5644050.00 |
| 450000000 | Cash and Bank Balance | B-17 | 18335937.00 |
| 460000000 | Loans, Advances and Deposits | B-18 | 638802.00 |
| | Total Current Assets, Loans and Advances | | -31250.00 |

| | |
|---|---|
| Total Current Assets, Loans and Advances | 24797929.00 |
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 83229674.00 |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-2

## വാർഷിക ധനകാര്യ പത്രിക സാക്ഷ്യപത്രം

നം.കെ.എസ്.എ-പികെഡി-21/997/2019(47)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തിയതി: 26-8-2019

Phone No.04912520145

e-mail. dopkd.ksad@kerala.gov.in

## സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തെിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ മുതല ഗ്രാമപഞ്ചായത്തിന്റെ 31.03.2019-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു,

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മുതല ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് -ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം

## ന്യൂനതകളുടെ സംഗ്രഹം

1. ആസ്തിമൂല്യം കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തിമൂല്യം യഥാർത്ഥ ആസ്തിമൂല്യവുമായി പൊരുത്തപ്പെടുന്നില്ല.
2. വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയ വസ്തുനികുതി കുടിശ്ശിക തുകകളും സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
3. Joint Venture project- രജിസ്റ്ററുകളിലെ തുകകൾ AFS-ലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ

Kerala State Audit Department

District Audit Office,Palakkad

Date: 26-8-2019

Phone No.04912520145

e-mail. dopkd.ksad@kerala.gov.in

## Certificate

Certified that 1 have examined the Annual Financial Statement of MUTHUTHALA Grama Panchayat for the year ended on 31.03.2019 in Palakkad District in accordance with Section 4 of the Kerala local Fund Audit Act 1994, Section 215 of the Kerala panchayat Raj Act 1994 the rules made there under and the guidelines issued by the Comptroller and the Auditor General of India for the Certification of Accounts of Panchayathi Raj Institutions.

In my opinion the financial Statement of MUTHUTHALA Grama Panchayat for the year 2018-19 subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

Deputy Director

## Annexure

### Abstract of Defects/Discrepancies

1. Asset register is not updated upto 31-3-2019 using Sachithra Software. Linking of Sachithra and Sankhya is not completed and hence the correctness of asset value could not be verified.

2. The amount of property tax as shown in the AFS are not in agreement with SANCHAYA.

3. Joint Venture Projects—Amount in register is not in agreement with AFS.

Deputy Director